ISSN:2583-2484

# ശാംഭവി

ത്രൈമാസിക

SHAAMBHAVI | Book 13 | January - March 2024 | Edition 1



# പത്രാധിപക്കുറിപ്പ്

നാം സാധാരണമായി ചിന്തിയ്ക്കുക നമ്മുടെ നാടാണ് സർവ ശ്രേഷ്ഠമെന്ന്. എന്റെ വീടാണ് കുടുംബമാണ് കേമമെന്ന് . എന്റെ സംസ്ഥാനമാണ് ഒന്നാം സ്ഥാനത്തെന്ന്. അങ്ങനെയുള്ള വിചാരം ആത്മവിശ്വാസത്തിനും പരിശ്രമത്തിനും നല്ലതാണ് . എന്നാൽ ആ വിചാരമധികമായാൽ വ്യക്തിവികാസത്തിനും രാഷ്ട്രവികാസത്തിനും തടസ്സം നേരിട്ടുമെന്ന് തന്നെയല്ല അധഃപതനത്തിനും വഴിവയ്ക്കും. രാജ്യസുരക്ഷയ്ക്ക് എന്റെ രാജ്യം ഒറ്റ കുടുംബം എന്ന് വിചാരം ശരിയെങ്കിൽ രാജ്യത്തിന്റെയോ സംസ്ഥാനത്തിന്റെയോ സ്വകുടംബത്തിന്റെയോ വികാസത്തിന് വസുധൈവ കുടുംബകം എന്ന വിചാരമാണുത്തമം. എല്ലാ നല്ല വിചാരങ്ങളും ആശയങ്ങളും ലോകത്തിന്റെ നാനാ ഭാഗത്ത് നിന്നും വരട്ടെ എന്ന് പ്രാർത്ഥിച്ചിരുന്നതും ആഗ്രഹിച്ചിരുന്നതുമായ നാടാണ് ഭാരതം. അതുപോലെ പലകാര്യങ്ങളിലും എന്നുമെന്നും പ്രസക്തിയുള്ള ചിന്തകളും ആശയഗതികളും ഭാരതത്തിനുണ്ടായിരുന്നു. അതിലൊന്ന് പ്രതിദിനം അധ്യയനത്തിന്റെ തുടക്കത്തിൽ നിത്യന്തനമായ വിദ്യാഭ്യാസനയത്തെ വെളിവാക്കുന്ന ഒരു ശാന്തിമന്ത്രം ചൊല്ലാറുണ്ട്.

ഓം സഹനാവവതു
സഹ നൗ ഭുനക്തു
സഹ വീര്യം കരവാവഹൈ
തേജസ്വിനാവധീതമസ്തു
മാ വിദ്വിഷാവഹൈ
ഓം ശാന്തിഃ ശാന്തിഃ ശാന്തിഃ

ഈ ശാന്തിമന്ത്രത്തിലൂടെ സുരക്ഷിതത്വം (Security), ഭോഗാനുഭവം (self belongings) സ്വാശ്രയജ്ഞാനവും പ്രവൃത്തിയും ( self-reliance) വികാസം (Development) അക്രമരാഹിത്യം (Non-Violence) ഇവയാണ് വിദ്യാഭ്യാസത്തിലൂടെ നേടേണ്ടതെന്ന് ഓർമ്മിപ്പിയ്ക്കുന്നു.

# ശാംഭവി
## ത്രൈമാസിക
സൌജന്യ വിതരണത്തിന്

പുസ്തകം 13 ലക്കം 01 | ജനുവരി – മാർച്ച് 2024


# വിഷയവിവരം


1. മഹാഗണപതിസ്തോത്രപഞ്ചകം
   2

2 സംസ്കൃതപാഠം (56)
   3

3. പരമാർത്ഥസാരം (24)
   5

4. സ്തുതികുസുമാഞ്ജലി (16)
   9

5. കുട്ടികളുടെ വാല്മീകിരാമായണം (37)
   14

6. താന്ത്രികവൈഷ്ണവദർശനം
   18

7. തന്ത്രസാഹിത്യം (ആഗമങ്ങൾ, സംഹിതകൾ)
   20

8. ഔഷധസസ്യങ്ങൾ (43)
   ചെമ്പകം
   31



ശ്രീപുരം പബ്ലിക്കേഷൻസ്
മാടായിക്കോണം
ഇരിങ്ങാലക്കുട
തൃശ്ശൂർ – 680 712

shripuramtrust@yahoo.co.in.
www.shripuram.org



## എഡിറ്റോറിയൽ ബോർഡ്

പ്രിന്റർ & പബ്ലിഷർ
**കെ.പി. ശ്രീധരൻ നമ്പൂതിരി**

എഡിറ്റർ
**ഡി. പ്രകാശ്**

എക്സിക്യൂട്ടീവ് എഡിറ്റർ
**ഡോ. അജിതൻ പി.ഐ.**

ഡെപ്യൂട്ടി എഡിറ്റർ
**ഡോ. ദാമോദർ നാരായണൻ സി.എൻ.**

അസിസ്റ്റന്റ് എഡിറ്റർ
**ഡോ. മുരളികൃഷ്ണൻ എം.വി.**

സബ് എഡിറ്റർ
**അനൂപ് കൃഷ്ണൻ എസ്.യു.**

പുറംചട്ട രൂപകല്പന
**ഉണ്ണി കൊണ്ടമറുക്**

അക്ഷരവിന്യാസം, രൂപകല്പന
**ശ്രീപുരം ട്രസ്റ്റ്**

മുദ്രണം
**മമ ഓഫ് സെറ്റ് പ്രിന്റ്**
നട, ഇരിങ്ങാലക്കുട

# മഹാഗണപതിസ്തോത്രപഞ്ചകം

സമ്പാദക : അപർണ്ണാദേവി എ.

1

വന്ദേ സൂര്യകാന്തിം മദയുതകരടപ്രാന്തസംഭ്രാന്തഭൃംഗ-
ധ്വാനൈരാപൂരിതാശാമുഖമചലസുതാഹ്ലാദപാഥോധിചന്ദ്രം
ശുണ്ഡാകാണ്ഡേ സമുദ്രാൻ സുമണിഗണയുതാൻ ലീലയാപൂര്യ ലോകേ
ദിവ്യേ ഭൗമ്യേ കിരന്തം ഗജവരവദനം ശോണശൈലേന്ദ്രസൂനും

2

വന്ദേ ദന്തേന മേരൗ വിധുകുലനൃഭുജാം കൗരവാണാം ചരിത്രം
വ്യാസോക്തം ഭാരതാഖ്യം സകലവൃഷയുതം സംലിഖന്തം ദ്യപാസ്യം
ശുണ്ഡാദണ്ഡേന ഭിത്ത്വാ കുലധരനിവഹം കന്ദുകീകൃത്യ ബാല്യേ
വ്യോമ്നോ മാർഗേ ക്ഷിപന്തം ക്ഷിതിവരതനയാശോണശൈലേന്ദ്രസൂനും

3

വന്ദേ ദന്താവലാസ്യം ദശനജപസരൗ ലഡ്ഡുകം സകുഠാരം
ഹസ്തൈരത്യാദ്ഭുതാമ്ഭോരുഹവരസദൃശൈഃ സംദധാനം ഗണേശം
ആരുഹ്യാഖും മഹാന്തം അമരരിപുഗണൈരങ്കുശാഗ്രേണ യുദ്ധേ
ഹന്താരം ഹസ്തിവക്ത്രൈർഗജമുഖദനുജം ശോണശൈലേന്ദ്രസൂനും

4

വന്ദേ സന്താപശാന്ത്യൈ സകലമുനിജനൈഃ സാമഋങ്മുഖ്യവേദാ-
നധ്യേതും മുക്തിവാഞ്ഛാപ്രദഫലസഹിതാൻ വന്ദിതം വിഘ്നരാജം
ഭക്താനാമന്തരായാഞ്ഛിരസികൃതമഹാഡിണ്ഡിമാഡമ്ബരേണാ-
മുഷ്ണന്തം വർഷ്മഭാസാ ജിതഘനമനഘം ശോണശൈലേന്ദ്രസൂനും

5

കൈലാസേ കമനീയരത്നഖചിതേ സൈംഹേ സ്ഥിതം വിഷ്ടരേ
ശംഭും സർവചരാചരത്മകജഗദ്രൂപം പ്രണത്വാ ഫലം
ചൂതം തത്കരസംസ്ഥിതം രസയുതം സ്കന്ദാഗതേഃ പ്രാങ് മുദാ
ചർവന്തം പരിഗൃഹ്യ കുഞ്ജരമുഖം വന്ദാമഹേ ശാങ്കരം

# സംസ്കൃതപഠനം (56)

ഡി. പ്രകാശ്

(കഴിഞ്ഞ ലക്കം തുടർച്ച)

**ന കിലാന്വയയുസ്തസ്യ**
**രാജാനോ രക്ഷിതുർയശഃ**
**വ്യാവൃത്താ യത്പരസ്വേഭ്യഃ**
**ശ്രുതൗ തസ്കരതാ സ്ഥിതാ 27**

പദച്ഛേദഃ - ന കില അന്വയയുഃ തസ്യ രാജാനഃ രക്ഷിതുഃ യശഃ വ്യാവൃത്താ യത് പരസ്വേഭ്യഃ ശ്രുതൗ തസ്കരതാ സ്ഥിതാ

## വിഭക്ത്യാദികൾ

| | |
|---|---|
| ന | അവ്യയം |
| കില | അവ്യയം |
| അന്വയയുഃ | ക്രിയാപദം |
| തസ്യ | തകാരാന്തഃ പുംല്ലിഗഃ ഷഷ്ഠീ ഏകവചനം |
| രാജാനഃ | നകാരാന്തഃ പുംല്ലിഗഃ പ്രഥമാ ഏകവചനം |
| രക്ഷിതുഃ | ഋകാരാന്തഃ പുംല്ലിഗഃ ഷഷ്ഠീ ഏകവചനം |
| യശഃ | സകാരാന്തഃ നപുംസകലിംഗഃ ദ്വിതീയാ ഏകവനം |
| വ്യാവൃത്താ | ആകാരാന്തഃ സ്ത്രീലിംഗഃ പ്രഥമാ ഏകവചനം |
| യത് | അവ്യയം |
| പരസ്വേഭ്യഃ | അകാരാന്തഃ പുംലിംഗഃ പഞ്ചമീ ഏകവചനം |
| ശ്രുതൗ | ഇകാരാന്തഃ സ്ത്രീലിംഗഃ സപ്തമീ ഏകവചനം |
| തസ്കരതാ | ആകാരാന്തഃ സ്ത്രീലിംഗഃ പ്രഥമാ ഏകവചനം |
| സ്ഥിതാ | ആകാരാന്തഃ സ്ത്രീലിംഗഃ പ്രഥമാ ഏകവചനം |

## സമാസാദികാര്യങ്ങൾ

| | |
|---|---|
| പരസ്വേഭ്യഃ | പരേഷാം സ്വാനി . തേഭ്യഃ |

## ധാതുപദലകാരപുരുഷവചനങ്ങൾ

അന്വയയുഃ - അനു ഇതി ഉപസർഗപൂർവകഃ "യാ" 'പ്രാപണേ' ധാതുഃ പരസ്മൈപദീ ലിട് പ്രഥമപുരുഷഃ ഏകവചനം

| | | |
|---|---|---|
| അനുയയൌ | അനുയയതുഃ | അനുയയുഃ |
| അനുയയാഥ/അനുയയിഥ | അനുയയഥുഃ | അനുയയ |
| അനുയയൌ | അനുയയിവ | അനുയയിമ |

## പദാർത്ഥങ്ങൾ

| | |
|---|---|
| ന | ഇല്ല |
| കില | അല്ലോ |
| അനുയയുഃ | പിൻതുടർന്നു |
| തസ്യ | അദ്ദേഹത്തിന്റെ |
| രാജാനഃ | രാജക്കന്മാർ |
| രക്ഷിതുഃ | രക്ഷിതാവിന്റെ |
| യശഃ | യശസ്സിനെ |
| വ്യാവൃത്താ | മാറ്റിനിർത്തപ്പെട്ടവൾ |
| യത് | യാതൊന്ന് ഹേതുവായി |
| പരസ്വേഭ്യഃ | പരന്മാരുടെ സ്വത്തിൽനിന്ന് |
| ശ്രുതൗ | ശ്രുതിയിൽ |
| തസ്കരതാ | തസ്കരന്റെ ധർമ്മം |
| സ്ഥിതാ | സ്ഥിതി ചെയ്യുവളായി |

## അന്വയം / ഗദ്യക്രമം

രാജാനഃ രക്ഷിതുഃ തസ്യ യശഃ ന അനുയയുഃ കില യത് തസ്കരതാ പരസ്വേഭ്യഃ വ്യാവൃത്താ ശ്രുതൗ സ്ഥിതാ.

## അന്വയാർത്ഥം

രാജക്കന്മാർ രക്ഷിതാവായ അദ്ദേഹത്തിന്റെ യശസ്സിനെ പിൻതുടർന്നില്ലല്ലോ. എന്തുകൊണ്ടെന്നാൽ തസ്കരകർമ്മം പരന്മാരുടെ സ്വത്തിൽനിന്ന് മാറ്റപ്പെട്ടവളായി ശ്രുതിയിൽ നിലക്കൊണ്ടതായി.

## സാരം

മറ്റുള്ളവരുടെ ധനം അപഹരിയ്ക്കുന്നത്തിനെയാണല്ലോ മോഷണം അഥവാ കളവ് (തസ്കരകർമ്മം) എന്ന് പറയുന്നത്. ആ കളവിന് ഒരു ഉദാഹരണം ദിലീപമഹാരാജാവിന്റെ ഭരണകാലത്ത് കാണിച്ചു കൊടുക്കുവാൻ ഉണ്ടായിരുന്നില്ല. അതുകൊണ്ട് അത് നിഘണ്ടുവിലെ ഒരു പദമായി മാത്രം അവശേഷിച്ചു. ഇക്കാരണത്താൽ പിന്നീട്ട വന്ന രാജക്കന്മാർ ദിലീപമാഹാരാജാവിന്റെ ആ കീർത്തിയെ പിൻതുടരാൻ സാധിക്കാത്തവരായി.ദിലീപമഹാരാജാവ് അത്തരത്തിലുള്ള സദ്ഭരണമാണ് നടത്തിയിരുന്നത് എന്നർത്ഥം. കളവില്ലെങ്കിൽ ദേശം മുഴുവൻ യാതൊരു തരത്തിലുമുള്ള ദ്രോഹപ്രവർത്തികൾക്ക് സജ്ജനങ്ങൾ പാത്രമാകേണ്ടിവരാറില്ലെന്നർത്ഥം. അവർ നിർഭയരായി ജീവിച്ചിരുന്നു എന്ന് മനസ്സിലാക്കാം.

(തുടരും)

**മഹാമഹേശ്വരാചാര്യശ്രീമദഭിനവഗുപ്തകൃതം**

# പരമാർത്ഥസാരം (24)

**(ശ്രീമദ് യോഗരാജകൃതവിവൃതിസഹിതം)**

**ഡോ. ദാമോദർ നാരായണൻ സി.എൻ.**

(കഴിഞ്ഞ ലക്കം തുടർച്ച)

ഏവമവിദ്യോപാർജ്ജിതാനപി കർമ്മാണി ജ്ഞാനാവിർഭാവാദേവ ക്ഷീയന്തേ നാന്യഥേത്യാഹ.

55. **അജ്ഞാനകാലനിചിതം ധർമ്മാധർമ്മാത്മകം തു കർമ്മാപി**
**ചിരസഞ്ചിതമിവ തുലം നശ്യതി വിജ്ഞാനദീപ്തിവശാത്**

**സാരം**- ഇപ്രകാരം അവിദ്യ കൊണ്ട് ആർജ്ജിക്കപ്പെട്ടതായതായ എല്ലാ കർമ്മങ്ങളും ജ്ഞാനത്തിന്റെ ആവിർഭാവം കൊണ്ടു മാത്രം ക്ഷീണിക്കപ്പെട്ട് ഇല്ലാതാകുന്നു മറിച്ചല്ലാതെ ഒരിക്കലും ഇല്ലാതാകുന്നില്ല എന്നത് പറയുന്നു.

ഒരുപാടു കാലം കൊണ്ട് ശേഖരിക്കപ്പെട്ട ഒരു വലിയ പഞ്ഞിക്കെട്ട് അഗ്നിയുടെ സമ്പർക്കത്തിൽ പെട്ടെന്ന് കത്തിത്തീരുന്നതു പോലെ അജ്ഞാ

നകാലത്ത് ധർമ്മരൂപത്തിലും അധർമ്മരൂപത്തിലുമായി ചെയ്തു കൂട്ടിയ എല്ലാ കർമ്മങ്ങളും വിജ്ഞാനമാകുന്ന പ്രകാശത്തിന്റെ ഉദയം കൊണ്ട് ഇല്ലാതാകുന്നു.

**വിവൃതി**- അജ്ഞാനകാലേ കൃത്രിമപ്രമാതൃതാഭിമാനാവസരേ പുണ്യാപുണ്യരൂപം കർമ്മ അനുഗുണഫലപ്രാർത്ഥനയാ യത് നിചിതം സ്വീകൃതം തത് വിജ്ഞാനദീപ്തിവശാത് വിശിഷ്ടജ്ഞാനദീപ്തിവശാത് നശ്യതി അഹമേവ പരം ബ്രഹ്മേതി കൃത്രിമപ്രമാതൃതാദാഹസമർത്ഥം വിജ്ഞാനം തസ്യ യാ പൌനഃപുന്യേന പ്രത്യവമർശാത്പ്രഭാ തത്സാമർത്ഥ്യാത്തദദർശനം യാതി. കിമിവേത്യാഹ. ചിരസഞ്ചിതം തൂലമിവ യഥാ ചിരസഞ്ചിതം തൂലം ഹംസരോമ വഹ്നിപ്രദീപ്തിവശാജ്ഝടിത്യേവ ഭസ്മസാദ്യാതി തഥൈവ സർവ്വഃ കർമ്മഫല പ്രചയോ വിജ്ഞാനവഹ്നിസാമർത്ഥ്യാത് ക്ഷണമദ്ധ്യേ പ്രളയമുപഗച്ഛതീതി. ഗീതാസു-

യഥൈധാംസി സമിദ്ധോഽഗ്നിർഭസ്മസാത്കുരുതേഽർജ്ജുന.
ജ്ഞാനാഗ്നിഃ സർവ്വകർമ്മാണി ഭസ്മസാത്കുരുതേ തഥാ. ഇതി.

**പരിഭാഷ**- അജ്ഞാനകാലത്ത് എന്നാൽ കൃത്രിമപ്രമാതാവാണ് (ഈ ശരീരത്തിൽ നിലനില്ക്കുന്ന അല്പാഹംബോധം) താൻ എന്ന ബോധത്തിൽ നിലനില്ക്കുമ്പോൾ പുണ്യാപുണ്യഭാവത്തിലുള്ള യാതൊരു കർമ്മമാണോ അനുഗുണഫലത്തിന്റെ പ്രാർത്ഥന (പുണ്യകർമ്മത്തിന് ശുഭഫലവും പാപ കർമ്മത്തിന് അശുഭഫലവും എന്നിങ്ങനെയുള്ള ഫലം ലഭിക്കണമെന്ന ഇച്ഛ) കൊണ്ട് സ്വീകരിക്കപ്പെട്ടത് അത് വിജ്ഞാനമാകുന്ന പ്രകാശം കൊണ്ട് അതായത് വിശിഷ്ടമാകുന്ന ജ്ഞാനത്തിന്റെ (താൻ തന്നെയാണ് ആ പരമമായ സർവ്വാഹംബോധം എന്ന അറിവ്) പ്രകാശം കൊണ്ട് നശിക്കുന്നു. ഞാൻ തന്നെയാണ് പരമമായ ബ്രഹ്മം എന്നത് കൃത്രിമപ്രമാതൃതയെ ദഹിപ്പിക്കാൻ ശക്തമാകുന്ന വിജ്ഞാനമാകുന്നു. അതിന്റെ വീണ്ടും വീണ്ടുമുള്ള മനനം കൊണ്ട് ഉണ്ടാകുന്ന പ്രകാശത്തിന്റെ (ജ്ഞാനത്തിന്റെ) സാമർത്ഥ്യം കൊണ്ട് ആ അല്പപ്രമാതാവ് എന്ന ബോധവും അതിലൂടെയുള്ള കർമ്മങ്ങളും ഇല്ലാതാകുന്നു. അത് ഏതു പോലെയാണ് എന്നതു പറയുന്നു. ഒരുപാടു കാലം കൊണ്ട് ശേഖരിക്കപ്പെട്ട പഞ്ഞിക്കെട്ടിനെ പോലെ എന്ന ഉദാഹരണം കൊണ്ട്. ആ വലിയ പഞ്ഞിക്കെട്ട് തീയുടെ സമ്പർക്കം മൂലം വളരെ പെട്ടെന്നു തന്നെ കത്തി ഇല്ലാതായിത്തീരുന്നതു പോലെ കർമ്മഫലങ്ങളുടെ കൂട്ടം വിജ്ഞാനമാകുന്ന അഗ്നിയുടെ സാമർത്ഥ്യം കൊണ്ട് ക്ഷണത്തിൽ തന്നെ ലയത്തെ പ്രാപിക്കുന്നു. ഗീതയിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു.

അല്ലയോ അർജ്ജുനാ ഏതു പോലെയാണോ ജ്വലിക്കപ്പെട്ട അഗ്നി വിറകുകളെയും സമിത്തുക്കളെയും (ചമതകളെയും) ഭസ്മീകരിക്കുന്നത് അതു

പോലെ ജ്ഞാനമാകുന്ന അഗ്നി എല്ലാ കർമ്മങ്ങളെയും ഭസ്മീകരിക്കുന്നു.

ന കേവലം പ്രാക്കൃതം കർമ്മ ജ്ഞാനപ്രസാദാദുപലീയതേ യാവദിദാനീന്തനമപി കർമ്മ ജ്ഞാനേദ്ധയാ ദൃഷ്ട്യാ ന ഫലോപഭോഗായ പര്യവസ്യതീത്യാഹ.

56. ജ്ഞാനപ്രാപ്തൌ കൃതമപി ന ഫലായ തതോ$\int$സ്യ ജന്മ കഥം
ഗതജന്മബന്ധയോഗോ ഭാതി ശിവാർക്കഃ സ്വദീധിതിഭിഃ

**സാരം**- ഇതിനു മുമ്പു ചെയ്ത കർമ്മങ്ങൾ മാത്രമല്ല ഇപ്പോൾ ചെയ്യുന്ന കർമ്മങ്ങളും ജ്ഞാനത്തിന്റെ ദൃഷ്ടിയിൽ ഫലത്തിന്റെ ഭോഗത്തിന് കാരണമായിത്തീരുന്നില്ല എന്നത് പറയുന്നു.

ജ്ഞാനത്തെ പ്രാപിച്ചതിനു ശേഷം ചെയ്ത കർമ്മവും ഫലം ബാധിക്കാത്തതാണ്, അങ്ങനെയുള്ളപ്പോൾ ആ ജീവന് പുനർജന്മമെങ്ങനെ? ജന്മങ്ങളുമായുള്ള ബന്ധം ഇല്ലാതാക്കുമ്പോൾ ശിവബോധമാകുന്ന സൂര്യൻ തന്റെ കിരണങ്ങളിലൂടെ പ്രകാശിക്കുന്നു.

**വിവൃതി**- ആത്മമഹേശ്വരപ്രത്യവമർശപ്രരൂഢൌ കൃതമപി ശുഭാശുഭാധികം കർമ്മ കൃത്രിമപ്രമാതൃതാഭിമാനാഭാവാന്നാനുഗുണഫലദാനായ പ്രഗൽഭത ഇതി കർമ്മഫലാഭാവാത്തദുപഭോഗയോഗ്യസ്യ ജന്മനഃ കേന പ്രകാരേണ സത്താ സ്യാന്ന ഭവേദ്യോഗിനഃ പുനർജ്ജന്മേത്യർത്ഥഃ. നനു സ പിണ്ഡപാതാപ്പുനർന്ന ജായതേ ചേത്തർഹി കീദൃശഃ സ്യാദിത്യാഹ. ഗതജന്മ ഇതി. ഗതോ ജന്മരൂപസ്യ ബന്ധസ്യ യോഗഃ സംബന്ധോ യസ്യ സഃ ഏവമിതി പ്രക്ഷീണമോഹാവരണഃ സ്വദീധിതിഭിഃ ചിന്മരീചിനിചയൈഃ സഃ ശിവരൂപോ$\int$ർക്കോ ഭാതി സ്ഫുരതി ന പുനസ്തീർത്ഥാന്തരപരികല്പിതോ$\int$സ്യ മോക്ഷഃ കുത്രചിത്പ്രാപ്തിരിതി കേവലം മായാദികഞ്ചുകകൃതസങ്കോചവിനാശാത്സ്വശക്തിവികസ്വരതാമാപദ്യത ഇതി.

**പരിഭാഷ**- തന്റെ യഥാർത്ഥസ്വരൂപമായ മഹേശ്വരബോധത്തിൽ നല്ല വണ്ണം ആരൂഢരായാൽ ശുഭാശുഭകർമ്മങ്ങൾ ചെയ്താലും കൃത്രിമപ്രമാതാവിന്റെ അഭിമാനം (അല്പാഹംബോധം) ഇല്ലാത്തതിനാൽ അതിനനുസരിച്ചുള്ള ഫലത്തെ കൊടുക്കുന്നില്ല. കർമ്മഫലത്തിന്റെ അഭാവം കൊണ്ട് അതിന്റെ ഉപഭോഗത്തിന് യോഗ്യമായ ജന്മത്തിന് എന്തു നിലനില്പാണുള്ളത്? അതിനാൽ തന്നെ യോഗിക്ക് പുനർജ്ജന്മമില്ല. അപ്പോൾ വേറൊരു ചോദ്യം വരും, ശരീരത്തിന്റെ പതനത്തിനു (മരണം) ശേഷം വീണ്ടും ജനിക്കില്ല എങ്കിൽ അയാൾ എപ്രകാരമുള്ള ആളായിരിക്കും? അതിനുള്ള ഉത്തരം പറയുന്നു. ജന്മങ്ങൾ പോയവനായി അഥവാ ജന്മരൂപമാകുന്ന ബന്ധങ്ങൾ ഇല്ലാതായവനായവൻ മോഹാവരണം ഇല്ലാതായി തന്റെ കിരണങ്ങളോടു കൂടിയ അതായത് ചിത്താകുന്ന പ്രകാശത്തിന്റെ കൂട്ടത്തോടു

കൂടിയ ശിവരൂപനായ സൂര്യനായി പ്രകാശിക്കുന്നു. മറ്റുള്ള ദർശനങ്ങളാൽ കല്പിക്കപ്പെട്ട സ്വർഗ്ഗം എന്നിങ്ങനെയുള്ള വേറൊരു ലോകപ്രാപ്തി സംഭവിക്കുന്നില്ല. കേവലം മായ തുടങ്ങി കഞ്ചുകങ്ങളാൽ ഉണ്ടാക്കപ്പെട്ട സങ്കോചത്തിന്റെ വിനാശം കൊണ്ട് തന്റെ ശക്തിയുടെ വികാസം സംഭവിക്കുന്നു.

അത്രൈവ യുക്തിമാഹ.

57. **തുഷകംബുകകിംശാരുകമുക്തം ബീജം യഥാങ്കുരം കുരുതേ**
**നൈവ തഥാണവമായാകർമ്മവിമുക്തോഭാവാങ്കുരം ഹ്യാത്മാ**

**സാരം**- ഇവിടെ യുക്തിയെ പറയുന്നു.

ഏതു പോലെയാണോ തുഷം, കംബുകം, കിംശാരുകം തുടങ്ങിയ പുറംതോടുകൾ ഇല്ലാത്ത ബീജം ഏതു പോലെയാണോ മുളക്കാത്തത് അതു പോലെ ആണവമായീയകാർമ്മമലങ്ങളിൽ നിന്നും മുക്തമായ ആത്മാവ് വീണ്ടും സംസാരത്തെ മുളപ്പിക്കുന്നില്ല.

**വിവൃതി**- യഥാ കിംശാരുകതുഷകംബുകേഭ്യഃ പൃഥക്കൃതം ശാലിബീജം ബീജസ്വഭാവകിംശാരുകാദിസാമഗ്ര്യഭാവാത് ക്ഷിതിജലാതപമദ്ധ്യവർത്ത്യപി നൈവ അങ്കുരജനനലക്ഷണകാര്യേ ഹേതുർഭവതി തഥൈവ കംബുകസ്ഥാനീയേന ആണവേന മലേന തുഷസ്ഥാനീയേന മായാമലേന കിംശാരുകസ്ഥാനീയേന കാർമ്മമലേന ച മുക്തഃ പൃഥഗ്ഭൂതഃ ആത്മാ ചൈതന്യം മലത്രയരൂപാസാമഗ്ര്യഭാവാന്ന പുനഃ ഭവാങ്കുരം സംസാരപ്രരോഹം വിദധാതി കേവലം വിശ്വഗതനാനാപദാർത്ഥസാർത്ഥ പ്രാദുർഭാവവിനാശവൈചിത്ര്യം സ്വാത്മനി പരാമൃശൻ മഹേശ്വര ഏവ ഭവതി.

**പരിഭാഷ**- ഏതു പോലെയാണോ കിംശാരുകം (നെല്ലിന്റെ അറ്റത്തുള്ള നീണ്ടു നില്ക്കുന്ന കൂർത്ത ഭാഗം) തുഷം (അകംതോട്) കംബുകം (പുറംതോട്) എന്നിവയിൽ നിന്നും മാറ്റപ്പെട്ട നെൽവിത്ത് ബീജത്തിന് സ്വതവെയുള്ള കിശാരുകം തുടങ്ങിയ സാമഗ്രികളുടെ അഭാവം കൊണ്ട് മണ്ണ്, ജലം വെയിൽ എന്നിവയുടെ നടുവിലിരുന്നാലും മുളക്കാത്തത് അതു പോലെ തന്നെ കംബുകസ്ഥാനത്തുള്ള ആണവമലത്തിൽ നിന്നും തുഷസ്ഥാനത്തുള്ള മായീയമലത്തിൽ നിന്നും കിംശാരുകസ്ഥാനത്തുള്ള കാർമ്മമലത്തിൽ നിന്നും മുക്തനായ അഥവാ മാറിയവനായ ചൈതന്യമാകുന്ന ആത്മാവ് മലത്രയരൂപമാകുന്ന സാമഗ്രികളുടെ അഭാവത്താൽ വീണ്ടും ഭവമാകുന്ന അങ്കുരം അതായത് സംസാരമാകുന്ന മുള സ്വീകരിക്കുന്നില്ല. നാനാപദാർത്ഥസമൂഹങ്ങളാകുന്ന വിശ്വത്തിന്റെ ഉത്പത്തി വിനാശം എന്നിങ്ങനെയുള്ള വൈചിത്ര്യത്തെ സ്വാത്മാവിൽ അനുഭവിക്കുന്ന മഹേശ്വരനായിത്തന്നെ ഭവിക്കുന്നു.

(തുടരും)

ശ്രീ ജഗദ്ധരഭട്ട വിരചിതം

# സ്തുതികുസുമാഞ്ജലി (16)

ഡോ. മുരളീകൃഷ്ണൻ എം.വി.

(കഴിഞ്ഞ ലക്കം തുടർച്ച)

സ്തുതി- 33

**അതഃ സ്വതഃപ്രാർഥിതസംപദാം പദം കദർഥനാഹീനമദീനമേനസാ**

**നിദാനമാനന്ദഭുവഃ സ്വയംഭുവോ ഭജസ്വ പാദാംബുജസേവനോത്സവം**

**അർത്ഥം**- അതുകൊണ്ട് അല്ലയോ കൂട്ടുകാരാ, താങ്കൾ സ്വയം ആഗ്രഹിക്കുന്ന കാര്യങ്ങൾ നേടിയെടുക്കാൻ പാതകങ്ങളും കഷ്ടതകളും ഇല്ലാത്ത സമസ്ത ഐശ്വര്യങ്ങളുടേയും മഹാനിധിയായ പരമമായ ആനന്ദത്തിന്റെ മൂല കാരണമായ സ്വയംഭൂവായ പരമേശ്വരന്റെ ചരണങ്ങളെ സേവിച്ചാലും.

സ്തുതി- 34

**അക്ലേശപേശലമലങ്ഘ്യകൃതാന്തദൂത-**

**ഹുങ്കാരഭങ്ഗഭിദുരം ദുരിതേന്ധനാഗ്നിം**

**കോ നാമ നാമയഹരം ഹരപാദപദ്മ-**

**സേവാസുഖം സുമതിരന്വഹമാദ്രിയേത**

**അർത്ഥം**- ആഹാ! സമസ്ത ക്ലേശങ്ങളുമായി സംസർഗമില്ലാത്തതിനാൽ അതീവ കോമളവും, അനിവാര്യമായ യമദൂതരുടെ അഹങ്കാരത്തെ ശമിപ്പിക്കാൻ കഴിവുള്ളവനും, പാപരൂപങ്ങളായ കല്ലുകളെ ഭസ്മമാക്കാൻ കഴിവുള്ള അഗ്നിസ്വരൂപനും, മരണ-ജരാദികളായ ഭയങ്കരങ്ങളായ രോഗങ്ങളെ സമൂലമായി ഇല്ലാതാക്കുവാൻ കഴിവുള്ള സദാശിവന്റെ പാദാരവിന്ദത്തെ സേവിക്കുമ്പോൾ ഉണ്ടാകുന്ന സുന്ദരമായ സുഖത്തെ കുറിച്ച് അറിയുമ്പോൾ ഏതൊരു ബുദ്ധിമാനാണ് ദിവസവും ആ സുന്ദര പാദാരവിന്ദങ്ങളെ സേവിക്കാതിരിക്കുന്നത്?

സ്തുതി- 35

**രോമന്ഥമന്ഥരകുരങ്ഗശതാശ്രിതേഷു**

**ഭാഗീരഥീശിശിരശീകരശീതലേഷു**

**രോഹന്മഹാഹഫലകന്ദലസുന്ദരേഷു**

**ബദ്ധാസ്പദാസ്തുഹിനഭൂധരകന്ദരേഷു**

സ്തുതി- 36

**ധന്യാഃ സമാധിമവധാനധനാ ധനാദി-**

**സംബന്ധബന്ധമവധൂയ ധിയാധിയന്തഃ**

**ജ്യോതിഃ പരം ഗളദനല്പവികല്പജാല-**

**മാലോകയന്തി ഭഗവന്തമനന്തമന്തഃ**

**അർത്ഥം**- ചവച്ച വസ്തുക്കളെ വീണ്ടും വീണ്ടും ചവച്ച് മടിപിടിച്ചിരിക്കുന്ന മാൻ കൂട്ടങ്ങളാൽ ചുറ്റപ്പെട്ടതും, ഭാഗീരഥിയുടെ തണുത്ത ജലകണങ്ങളാൽ ശീതള മായതും ഉത്തമങ്ങളായ ഫലാദികളാൽ സുന്ദരമായ ഹിമാലയത്തിലെ ഗുഹ കളിൽ ഇരുന്ന് ഏകാഗ്രതയോടുകൂടി തന്റെ പരമമായ ധനത്തെ മനസ്സിലാക്കിയ ധന്യ പുരുഷന്മാർ- അതായത് ധനം, പുത്രൻ, ഭാര്യ തുടങ്ങിയ ബന്ധനങ്ങളെ ഇല്ലാതാക്കി ഏകാഗ്രബുദ്ധിയോടുകൂടി പ്രാപ്തമാക്കിയവർ, അവർ തന്റെ ഹൃദയകമലത്തിൽ ചിന്താകുഴപ്പങ്ങളൊന്നുമില്ലാതെ പരമമായ ജ്യോതിസ്വരൂപമായ ഭഗവാൻ സദാശിവനെ ജ്ഞാനകണ്ണുകളാൽ കാണുന്നു.

സ്തുതി- 37

**ധന്യാ ഭജന്തി നൃപവേശ്മസു വേത്രിവക്ത്ര-**

**ഹുങ്കാരകാതരധിയസ്തരുണേന്ദുമൗലിം**

**വൈരാഗ്യനിർവൃതമനസ്വിജനാവകീർണ-**

**സ്വർഗാപഗാപുളിനബാലലതാലയേഷു**

**അർത്ഥം**- ആഹാ! രാജകൊട്ടാരത്തിന്റെ കവാടത്തിലുള്ള ദ്വാരപാലകരുടെ മുഖത്തുനിന്നു വരുന്ന അഹങ്കാരത്താൽ പേടിച്ച മനസ്സോടുകൂടിയ ഭാഗ്യവാന്മാരായ മനുഷ്യർ, സാംസാരിക വിഷയങ്ങളെ വെടിഞ്ഞ മനസ്സോടുകൂടിയ ബുദ്ധിമാന്മാരാൽ ചുറ്റപ്പെട്ട ഗംഗാതടത്തിലെ കോമളങ്ങളായ ലതകളാൽ സംപുഷ്ടമായ ഗുഹകളിൽ സ്ഥിതിചെയ്ത് ഭഗവാൻ ശങ്കരനെ ധ്യാനിച്ചുകൊണ്ടിരിക്കുന്നു.

സ്തുതി- 38

**സന്തഃ സ്മരന്തി ശശിഖണ്ഡശിഖണ്ഡസേവാ-**

**ഹേവാകിനഃ സുരസരിത്പുളിനസ്ഥലേഷു**

**ലക്ഷ്മീലവോല്ലസദമന്ദമദാവലേപ-**

**ഭൂപാളബാലിശവിലങ്ഘനവിപ്ലനാനാം**

**അർത്ഥം**- ഭഗവാൻ ചന്ദ്രശേഖരനായ ശങ്കരനെ സേവിക്കാൻ അതിയായ

ആഗ്രഹമുള്ള സജ്ജനങ്ങൾ ഗംഗാതടത്തിൽ കുറച്ചുനേരം ഇരുന്ന് ധന ത്താൽ ഉത്പന്നമായ അഹങ്കാരം കൊണ്ട് ദുഷിച്ച മനസ്സോടുകൂടിയവരും, വിഡ്ഢികളുമായ രാജാക്കന്മാരുടെ അപമാനരൂപമായ ഉപദ്രവങ്ങളെ സ്മരിച്ചു കൊണ്ടിരിക്കുന്നു.

സ്തുതി- 39

**ഇദം മധുമുഖം വിഷം ഹരതി ജീവിതം തത്ക്ഷണാ-**

**ദപഥ്യമിദമാശിതം വ്യഥയതേ വിപാകേ വപുഃ**

**ഇദം തൃണഗണാവൃതം ബിലമധോ വിധത്തേ ക്ഷണാ-**

**ദ്യദത്ര മലിനോല്ബണൈർദ്രവിണമർജിതം കർമഭിഃ**

സ്തുതി- 40

**അതഃ പ്രതനുവൈഭവോദ്ഭവദഖർവഗർവക്ഷമാ-**

**പതിപ്രണയസംഭവം ഭുവി വിഡംബനാഡംബരം**

**വിഹായ സുരവാഹിനീപുളിനവാസഹേവാകിനോ**

**ഭജന്തി കൃതിനസ്തമീരമണഖണ്ഡചൂഡാമണിം**

**അർത്ഥം**- ഈ സംസാരലോകത്തിൽ മനുഷ്യർ അത്യന്തം മലിനവും ഉഗ്രവു മായ കർമങ്ങളാൽ ആരൊക്കെയാണോ ധനത്തെ ആർജിക്കുന്നത്, അവ ആരംഭത്തിൽ മധുരത്തെ നൽകുന്ന വിഷമാണ്. അതുകൊണ്ട് തന്നെ പെ ട്ടെന്നു തന്നെ അവ ഉപയോഗിക്കുന്ന സമയത്തുതന്നെ ഉപയോഗിക്കുന്നവരു ടെ ജീവൻ നഷ്ടമാകുന്നു. ഇവ ഉപയോഗിക്കുന്നതിന്റെ പരിണാമത്തിൽ അവ ഉപയോഗിക്കുന്നവർക്ക് അനുയോജ്യമല്ലാത്തതിനാൽ അവസാനം അവ ശരീരത്തെ ഉപദ്രവിച്ചുകൊണ്ടിരിക്കുന്നു. മലിനകർമങ്ങളാൽ ആർജിച്ചെടു ത്ത ആ ധനം പുല്ലിന്റെ തുമ്പിൽ ഉള്ള വലിയ ദ്വാരം പോലെ അവ പെട്ടെന്ന് വീണ് പോകുന്നു. ഈ കാരണങ്ങളാൽ ബുദ്ധിമാന്മാരായ മനുഷ്യർ ഈ സം സാരലോകത്തിലെ ക്ഷണഭങ്കുരങ്ങളായ വസ്തുക്കളാൽ ഉത്പന്നമായ അഹ ങ്കാരത്തിൽ മദോന്മത്തരായ രാജാക്കന്മാരെ പ്രാർഥിച്ചതുകൊണ്ടുണ്ടാകുന്ന അപമാനമാകുന്ന ആഡംബരത്തെ വേണ്ടെന്നുവച്ചുകൊണ്ട് ഗംഗാതട ത്തിൽ വസിച്ച് ഏകമാത്രനായ ചന്ദ്രശേഖരനായ സദാശിവനെ ആരാധിച്ചു കൊണ്ടിരിക്കുന്നു.

സ്തുതി- 41

**കിം ഭൂയോഭിഃ പരുഷവിഷയൈഃ ശ്രീവികാരൈരസാരൈഃ**

**കിം വാ ഭൂയഃ പതനവിരസൈഃ സ്വർഗഭോഗാഭിലാഷൈഃ**

**മന്യേ നാന്യദ്ഭവഭയവിപത്കാതരാണാം നരാണാം**

മുക്ത്വാ ഭക്തിം ഭഗവതി ഭവേ ശസ്യമാശാസ്യമസ്തി

സ്തുതി- 42

ദൂരോദഞ്ചച്ചടുലലഹരീഹാരിഹസ്തവ്യുദസ്ത-

വ്യാപത്താപത്രിദശതടിനീമജ്ജനോന്മജ്ജനേഷു

ശ്രദ്ധാബന്ധം ശശധരശിരഃ പാദരാജീവസേവാ

ഹേവാകൈകവ്യസനമനസസ്തേന തന്വന്തി സന്തഃ

**അർത്ഥം**- ഉപകാരപ്രദമല്ലാത്ത ശബ്ദമായിട്ടുള്ളതും സ്പർശമായിട്ടുള്ളതുമായ വളരെയധികം വിഷയങ്ങളെകൊണ്ട് സാംസാരിക ജീവികൾക്ക് എന്ത് ലാഭമാണ് ഉണ്ടാകുന്നത്? ക്ഷണത്തിൽ നഷ്ടമാകുന്ന ഐഹികമായ ധനമെന്ന വികാരം കൊണ്ട് എന്ത് ലാഭമാണ് ഉള്ളത്? പലതവണ വീണ് വീണ് അത്യന്തം ഉപകാരപ്രദമല്ലാതെയായിട്ടുള്ള സ്വർഗീയ ഭോഗങ്ങളോടുള്ള അത്യാഗ്രഹം എന്ത് നൽകുന്നു? അർത്ഥമാക്കുന്നത് ഒന്നും നൽകുന്നില്ല. അതുകൊണ്ട് എനിക്ക് നിശ്ചയമാണ് എന്തെന്നാൽ ഈ ജന്മ-മരണരൂപമായ സാംസാരികലോകത്തിൽ ഭഗവാൻ ശങ്കരനോടുള്ള ഭക്തിയല്ലാതെ മറ്റൊരു വസ്തുക്കളും സന്തോഷത്തെ നൽകില്ല. ഈ കാരണങ്ങൾകൊണ്ട് തന്നെയാണ് വിദ്വാന്മാർ ഈ ക്ഷണികമായ സുഖങ്ങളിൽ അഭിരമിക്കാതെ ചന്ദ്രമൗലിയായ ഭഗവാൻ ശങ്കരന്റെ പാദാംബുജങ്ങളെ സേവിക്കാൻ ആഗ്രഹിച്ചുകൊണ്ട് വളരെയധികം ദൂരെ നിന്നും വരുന്ന ചഞ്ചലമായതും തരങ്ഗരൂപിയായ കൈകളോടുകൂടിയതും ജീവന്റെ എല്ലാ താപങ്ങളേയും ഇല്ലാതാക്കുന്ന ഭഗവതി ഗംഗയിൽ വീണ്ടും വീണ്ടും മുങ്ങുക വഴി ദൃഢമായ അനുരാഗത്തിലായിരിക്കുന്നു.

ഇതി കാശ്മീരമഹാകവി ശ്രീമജ്ജഗദ്ധരഭട്ടവിരചിതേ ഭഗവതോ മഹേശ്വരസ്യ സ്തുതികുസുമാഞ്ജലൗ 'സേവാഭിനന്ദനം' നാമ സപ്തമം സ്തോത്രം.

കാശ്മീരമഹാകവി ശ്രീജഗദ്ധരഭട്ടൻ രചിച്ച ഭഗവാൻ മഹേശ്വരന്റെ സ്തുതികുസുമാഞ്ജലിയിലെ 'സേവാഭിനന്ദനം' എന്ന് പേരായ ഏഴാമത്തെ സ്തോത്രം.

## അഷ്ടമസ്തോത്രം

(എട്ടാം സ്തോത്രം)

ശരണാശ്രയണം

സ്തുതി- 1

കല്യാണിനഃ സുരഗിരേരിവ സംശ്രിതസ്യ

ലക്ഷ്മ്യാ ഹരേരിവ രവേരിവ ദീപ്തിഭാജഃ

**പദ്യസ്യ ശംഭുവിഷയസ്യ ജയന്തി പാദാ**

**യേ മണ്ഡയന്തി ച പുനന്തി ച വിഷ്ടപാനി**

**അർത്ഥം**- ഭഗവാൻ ശങ്കരന്റെ മഹിമകൾ വർണിക്കുന്ന മംഗളമയമായ പദ്യത്തിന്റെ പാദം (ചരണം), സുവർണമയമായ സുമേരു പർവതത്തിന്റെ പാദങ്ങൾക്കു സമാനവും, ലക്ഷ്മി ആശ്രിതമായ ഭഗവാൻ വിഷ്ണുവിന്റെ പാദങ്ങൾക്കു സമാനവും, ദീപ്തിമാനായ സൂര്യന്റെ പാദങ്ങൾക്കു (കിരണങ്ങൾക്ക്) സമാനവുമായി സമസ്ത ലോകങ്ങൾക്കും ഭൂഷണമായും, അതുപോലെ പവിത്രമായതും സർവോത്കൃഷ്ടമായതുമാണ്.

സ്തുതി- 2

**യാഃ പങ്കിലേന കലിലേന വിയോജയന്തി**

**നിത്യോജ്ജ്വലേന കുശലേന ച യോജയന്തി**

**താ ധൂർജടേരമരനിർഝരിണീതരങ്ഗഃ**

**ഭങ്ഗാഭിരാമഗതയഃ സ്തുതയോ ജയന്തി**

**അർത്ഥം**- ഏതൊരു ഭക്തരുടേയും പാപങ്ങളുടെ മലിനതയെ ഇല്ലാതാക്കുന്നതും, അത്യന്തം നിർമലമായ പുണ്യത്തെ തരുന്നതും, ഗംഗയുടെ ദിവ്യമായ തരംഗങ്ങൾക്ക് സമാനമായതും അതിമനോഹരമായി ഒഴുകുന്നതുമായ ഭഗവാൻ ശങ്കരന്റെ സ്തുതികൾ ധന്യമായതാണ്.

സ്തുതി- 3

**സംസാരദാരുണദവാനലദഹ്യമാന-**

**വാക്ചിത്തകായകുശലീകരണൗഷധാനി**

**ശ്രീഭുക്തിമുക്തിവശകർമണി കാർമണാനി**

**ശംഭോർജയന്തി നതിചിന്തനപൂജനാനി**

**അർത്ഥം**- സംസാരരൂപമായ ദാരുണമായ കാട്ടുതീയിൽ കത്തുന്ന വാക്ക്, ചിന്ത, ശരീരം എന്നിവകളെ ശാന്തമാക്കുവാൻ കഴിയുന്ന മഹത്തായ ഔഷധിരൂപമായതും, ഐശ്വര്യം, ഭുക്തി (ഭോഗിക്കേണ്ടവ), മുക്തി (മോക്ഷം) എന്നിവകളെ വശത്താക്കാൻ കഴിയുന്ന വശീകരണചൂർണമായ ഭഗവാൻ ശങ്കരന്റെ സ്തുതി, ചിന്ത (ധ്യാനം), പൂജ ഇവ മൂന്നും ധന്യമായതാണ്.

സ്തുതി- 4

**ദോഷാകരസ്യ ശിരസി സ്ഥിതിമുത്തമാങ്ഗ-**

**ച്ഛേദം വിധേരവിരഹം നരവാഹനസ്യ**

**ഭസ്മീകൃതിം ത്രിപുരപാശധരസ്മരാണാം**

വശ്യം ദിശാഞ്ച ദശകം ദശകന്ധരസ്യ

**അർത്ഥം**- തന്റെ ക്രീഢയിൽ ഭഗവാൻ പ്രഭു ഏതൊരു സ്വാതന്ത്ര്യത്താലാണോ ദോഷങ്ങളെ സ്വീകരിച്ചിരിക്കുന്ന ചന്ദ്രനെ സ്വന്തം ശിരസ്സിൽ ധരിച്ചിരിക്കുന്നത്, തന്റെ നഖത്താൽ പിതാമഹനായ ബ്രഹ്മദേവന്റെ അഞ്ചാമത്തെ ശിരസ്സ് ഛേദിച്ചത്, നരവാഹനനായ കുബേരനെ തന്റെ ദൃഢമിത്രമാക്കിയത്, ത്രിലോകത്തേയും വിജയിച്ച ത്രിപുരാസുരനേയും, യമരാജനേയും, കാമദേവനേയും ഭസ്മമാക്കിയത്, അതുപോലെ തന്റെ ഭക്തശിരോമണിയായ രാവണനെ പത്തു ദിക്കുകൾക്കും അധിപനാക്കിയത്, ആ പരമേശ്വരന്റെ സ്വച്ഛന്ദമായതും തടയാനാകാത്തതുമായ ആ സ്വാതന്ത്ര്യം സർവോത്കൃഷ്ടമാണ്. അർത്ഥമാക്കുന്നത് ഭഗവാൻ എന്താണോ ചെയ്യാൻ ആഗ്രഹിക്കുന്നത്, അതു മാത്രമേ നടത്തുന്നുള്ളൂ.

സ്തുതി- 5

ശൗര്യാനലസ്യ പരശുവ്യജനേന ദീപ്തിം

രാമസ്യ ബാഹുപരിഘപ്രതിഘം മഘോനഃ

ഹൈമം മരുത്തനൃപതേർദിവസാനി സപ്ത

വർഷം സുദർശനസമർപണമച്യുതസ്യ

**അർത്ഥം**- പ്രഭു തന്റെ ഏതൊരു സ്വാതന്ത്ര്യത്താലാണോ തന്റെ ഭക്തനായ പരശുരാമന് തന്റെ പരശുരൂപമായ മഴു നൽകി പരശുരാമന്റെ ശൗര്യത്തെ അഗ്നിയെപ്പോലെ അധികമായി ഉത്തേജിപ്പിച്ചത്, ഇന്ദ്രന്റെ ബാഹുരൂപത്തിലുള്ള വജ്രായുധത്തെ സ്തംഭിപ്പിച്ചത്, രാജാവായ മരുത്തിന്റെ നഗരത്തിൽ ഏഴു ദിവസം തുടർച്ചയായി സ്വർണമഴ പെയ്യിപ്പിച്ചത്, അതുപോലെ വിഷ്ണുവിന് സുദർശനത്തെ നൽകിയത്, ആ ശങ്കരന്റെ ഉദാരമായ സ്വാതന്ത്ര്യം ധന്യമായതാണ്.

(തുടരും)

# കുട്ടികളുടെ വാല്മീകിരാമായണം 37



**ഉണ്ണികൃഷ്ണൻ കിഴുത്താണി** **ഫോൺ : 0480 2832108**

**(ലോകത്തിലെ എല്ലാ കുട്ടികളുടേയും മാനസികാരോഗ്യത്തിനും മൂല്യബോധസംരക്ഷണത്തിനുമായി സമർപ്പിക്കുന്നു.)**

(കഴിഞ്ഞ ലക്കം തുടർച്ച)

പ്രിയശാംഭവി കൂട്ടുകാരേ

പിടിച്ചുപറിക്കാരനും, ദുർമ്മാർഗ്ഗിയുമായിരുന്ന അവസ്ഥയിൽനിന്ന് മനു ഷ്യസ്നേഹിയും, മഹാമുനിയുമായുയർന്ന വാല്മീകി മഹർഷിയുടെ മഹത്തായമു ഖങ്ങൾഒന്നൊന്നായിവ്യത്യസ്ഥകഥാപാത്രങ്ങളിലൂടെചുരുൾനിവരുകയാണ് തുടർന്നങ്ങോട്ട്. ഈ പ്രക്രിയയാണ് യഥാർത്ഥ ജീവിതഗന്ധിയായിത്തീരുന്ന തും. ദീർഘായുഷ്മാനും, പരാക്രമിയും, മഹാജ്ഞാനിയുമായിട്ടും അഹന്തയുടെ ആക്രമണത്തിൽ അടിപതറിയ കബന്ധന്റെ ചരിതം എത്രമാത്രം തന്മയത്തി കവോടെയാണ് പ്രതിഭാശാലിയായ കലാകാരന്റെ കരവിരുതോടെ മഹാമുനി വാർത്തെടുത്തിരിയ്ക്കുന്നത്! അനുഭവമാണ് ആദ്യഗുരു എന്ന ആശയം കൂടി അരക്കിട്ടുറപ്പിയ്ക്കുകയാണദ്ദേഹം ചെയ്തിരിയ്ക്കുന്നത്. യാഥാർത്ഥ്യ ലോകത്തിലേയ്ക്കും, ബോധത്തിലേയ്ക്കും തിരിച്ചെത്തിയ കബന്ധൻ പ്രകൃതിയുമായി മനുഷ്യനുള്ള നാഭീനാളബന്ധം ഇഴകീറിപരിശോധിയ്ക്കുകയാ ണ്. പ്രകൃതിയുടെ താളത്തിനൊത്ത് ഇണങ്ങിച്ചേരുമ്പോൾ മാത്രമേ യഥാർ ത്ഥമനുഷ്യൻ പിറവിയെടുക്കുകയുള്ളൂവെന്ന് കബന്ധൻ പഠിപ്പിയ്ക്കുന്നു. ആവാ സവ്യവസ്ഥയിൽ കാടുകൾക്കുള്ളസ്ഥാനം അദ്വിതീയമെന്നും പണ്ഡിതോചിതമായദ്ദേഹം ശ്രീരാമനെ മസ്സിലാക്കുന്നു. ധർമ്മാധർമ്മങ്ങളെ ക്കുറിച്ചുള്ള വിചിന്തനവും കബന്ധനെ വ്യത്യസ്ഥനാക്കുന്നു. ലക്ഷ്യവും, മാർഗ്ഗ വും പവിത്രമായാൽ മാത്രമേ കർമ്മാനുഷ്ഠാനങ്ങൾ ഉന്നതിയിലെത്തുകയുള്ളൂ വെന്നും ഈ കഥാപാത്രം വ്യക്തമാക്കുന്നു. വാല്മീകിരാമായണത്തിന്റെ അടിസ്ഥാന ആശയംതന്നെ ധർമ്മാധർമ്മങ്ങളെക്കുറിച്ചുള്ള വിചിന്തനമാ ണല്ലോ? പ്രകൃതിയുടെ പരിലാളനമേറ്റ് വന്യമൃഗങ്ങൾപോലും പാരസ്പര്യ ത്തിന്റെ പാതയിലൂടെ സഞ്ചരിയ്ക്കുന്ന മനോഹരദൃശ്യങ്ങൾ ശ്രീരാമലക്ഷ്മണന്മാരെ കാത്തിരിയ്ക്കുന്നുവെന്നുകൂടി കബന്ധൻ കവി മന സ്സോടെ, ആനുഷംഗികമായി പറഞ്ഞുവെയ്ക്കുന്നുണ്ട്. മാതംഗ മഹർഷിയുടെ പ്രിയശിഷ്യരായ 'സിദ്ധർഷികൾ' പർണ്ണശാലതീർത്തിരുന്നു. ഈ ഭൂവിഭാഗ ത്തിൽ ഒരിയ്ക്കലും വാടാത്തപുഷ്പങ്ങളുമായി, 'ശബരി' എന്ന വൃദ്ധതാപസി ശ്രീ രാമചന്ദ്രന്റെ വരവിനായിമാത്രം ഏകാകിയും, ഏകാഗ്രചിത്തയുമായി അക്ഷ മയോടെ കാത്തിരിയ്ക്കുന്നുവെന്നും എല്ലാമറിയുന്ന അവസ്ഥയിലെത്തിച്ചേർന്ന കബന്ധൻ വ്യക്തമാക്കി. മാത്രമല്ല, യഥാർത്ഥ വഴികാട്ടി എപ്രകാരമായിരിയ്ക്ക ണമെന്നും മഹർഷിവര്യൻ കബന്ധനിലൂടെ വരച്ചു കാണിയ്ക്കുന്നു.

വല്മീകിരാമായണം അനുപമമെന്ന് വിശേഷിപ്പിയ്ക്കുന്നതിന്റെ അടിസ്ഥാ നകാരണങ്ങൾ അനവധിയാണ് കൂട്ടുകാരേ. ലക്ഷ്യപ്രാപ്തിയിലെത്തിയാൽ മനീഷികൾ സ്വയം ശരീരം ഉപേക്ഷിയ്ക്കുന്നതു ഋഷിപ്രോക്തമായ ആശയ ത്തിന്റെ അടിസ്ഥാനശിലയാണെന്നും വാല്മീകി കാണിച്ചുതരുന്നു. അതുകൊ ണ്ടാണ് ശബരിയും, ശബര്യാശ്രമവും മറ്റും ഭാരതീയർക്ക് ഇത്രമാത്രം അവിസ്മ രണീയമായി മാറുന്നത്. കബന്ധന്റെ വിവരണത്തിൽ പിന്നീട് സ്ഥാനം

പിടിയ്ക്കുന്നത് പവിത്രമായ പമ്പാനദിയുടെ പടിഞ്ഞാറെ തീരത്ത് സ്ഥിതിചെയ്യുന്ന നിസ്തുലവും, നിർമ്മലവുമായ മാതംഗവനമാണ്. അതിശക്തനും, ദീർഘദർശിയുമായ മാതംഗമഹർഷി രൂപകല്പനചെയ്ത ആശ്രമവും പരിസരവും എന്തെന്നില്ലാത്ത ശാന്തിയും സമാധാനവും സമ്മാനിയ്ക്കുന്ന പവിത്രമായ വനസ്ഥലികളാണെന്ന് പരിണതപ്രജ്ഞനായ കബന്ധൻ ശ്രീരാമചന്ദ്രനെ ബോധ്യപ്പെടുത്തുന്നു. പമ്പാനദിയുടെ കിഴക്കുമാറി പൂമരങ്ങൾ കുടപിടിച്ചപോലെ 'ഋഷ്യമൂകാചലം' സ്ഥിതി ചെയ്യുന്നു. അവിടേയ്ക്കാണല്ലോ ശ്രീരാമലക്ഷ്മണന്മാർക്ക് പോകേണ്ടതും. പക്ഷേ കുത്തനേയുള്ള ആ പർവ്വതത്തിൽ കയറിപ്പറ്റുക അത്ര എളുപ്പമല്ലെന്നും അദ്ദേഹം ഓർമ്മിപ്പിയ്ക്കുന്നു. എങ്കിലും ഉദ്ദിഷ്ടകാര്യസിദ്ധിയ്ക്ക് ബുദ്ധിമുട്ടുകൾ ഒരിയ്ക്കലും തടസ്സമാകരുതെന്നുള്ള 'കബന്ധോപദേശം' കാലാനിവർത്തികൂടിയാണ്. പ്രസ്തുതമലയിൽ സ്ഥിതിചെയ്യുന്ന ഒരു വലിയ ഗുഹയിലാണ് ജ്യേഷ്ഠനെഭയന്ന് സുഗ്രീവൻ കഴിഞ്ഞുകൂടുന്നത്. ബാലിയ്ക്ക് പ്രവേശിയ്ക്കാൻ സാധിയ്ക്കാത്ത ഒരേ ഒരു പ്രദേശം ഈ ഋഷ്യമൂകാചലം മാത്രമാണ്. അതുകൊണ്ടുതന്നെ ബാലികേറാമല എന്ന് ഇതിന് പേരും ലഭിച്ചു. മാത്രമല്ല, മനോഹരിയായ മലയാളഭാഷയ്ക്ക് മനോഹരമായ ഒരു ശൈലിയും ഇതിന്റെ പേരിൽ ലഭിച്ചു എന്നതും പ്രിയകൂട്ടുകാർ ഓർത്തുവയ്ക്കുന്നത് ഉചിതമായിരിയ്ക്കും. അതീവദുഷ്കരവും, അതിലേറെ ദുർഗ്ഗമവും എന്നാണ് ഉദ്ദേശിയ്ക്കുന്നത്. സ്വത്വം തിരിച്ചുകിട്ടിയ കബന്ധൻ ശ്രീരാമനിൽനിന്നനുഗ്രവും വാങ്ങി, സന്തോഷപൂർവ്വം വിടവാങ്ങി. വിവേകിയായ വഴികാട്ടിയുടെ നിർദ്ദേശാനുസരണം സഹോദരർ ഇരുവരും പമ്പാനദിയുടെ പടിഞ്ഞാറെതീരത്തെത്തി അവിടെ, സൌന്ദര്യത്തിന്റെ മൂർത്തിമദ്ഭാവം പോലെനിലകൊള്ളുന്ന ശബര്യാശ്രമം കണ്ടമാത്രയിൽത്തന്നെ അവർക്കെന്തെന്നില്ലാത്തൊരാനന്ദം അനുഭവപ്പെട്ടു. ഉപവാസവംകൊണ്ട് അസ്ഥിമാത്രം ശേഷിച്ച സ്ഥിതിയിലെത്തിയിട്ടും, സ്വകർമ്മാനുഷ്ഠാനങ്ങളിൽനിന്ന് കടുകിട വ്യതിചലിയ്ക്കാത്ത ആ സാധ്വി ശ്രീരാമലക്ഷ്മണന്മാരെ ഉചിതമായി സ്വീകരിച്ചു. ശ്രീരാമദർശനത്തിന്നായി മാത്രം ശിഷ്ടജീവിതം മാറ്റിവച്ച ആ പുണ്യവതി, ഇപ്പോൾ തന്റെ ജീവിതം സഫലമായെന്നറിയിച്ചു. മാത്രമല്ല, ഇനി അന്ത്യയാത്രയ്ക്കായി തയ്യാറായി എന്നും കൃതാർത്ഥതയോടെ പറഞ്ഞു.

ഋഷിപ്രോക്തമായ ജീവിതചര്യയുടെ തനിമയും, ഗരിമയും ശബരിയിലൂടെയും അവരുടെ ഗുരുപരമ്പരകളിലൂടെയും കൃതകൃത്യനായി വാല്മീകി മഹർഷി തുറന്നു കാണിയ്ക്കുന്നു. ഇതുപോലുള്ള ദർശനങ്ങളിലൂടെ, അതിന്റെ വെളിച്ചത്തിലൂടെയാണ് ഭാരതം വളർന്ന് വരേണ്ടതെന്നുകൂടി, ഉചിതജ്ഞതയോടെ മഹർഷിവര്യൻ വ്യക്തമാക്കുന്നു.

(തുടരും)

## STATEMENT ABOUT OWNERSHIP AND OTHER PARTICULARS ABOUT TRIMONTHLY

FORM I

# SHAAMBHAVI

See Rule 3

| | | |
|---|---|---|
| 1. Place of Publication | : | Thrissur |
| 2. Periodicity of publication | : | Quarterly |
| 3. Printer's Name | : | K.P. Sreedharan Namboothiri |
| Nationality | : | Indian |
| Address | : | Shripuram Publications<br>Madayikonam (Post)<br>Irinjalakuda, Thrissur<br>Kerala, India - 680 712 |
| 4. Publisher's Name | : | K.P. Sreedharan Namboothiri |
| Nationality | : | Indian |
| Address | : | Shripuram Publications<br>Madayikonam (Post)<br>Irinjalakuda, Thrissur<br>Kerala, India - 680 712 |
| 5. Editor's Name | : | D. Prakash |
| Nationality | : | Indian |
| Address | : | Shripuram Trust<br>Madayikonam (Post)<br>Irinjalakuda, Thrissur<br>Kerala, India - 680 712 |
| 5. Owner's Name | : | Shripuram Publications |
| Address | : | Shripuram Trust<br>(Reg. No. 201/IV/2005)<br>Madayikonam (Post)<br>Irinjalakuda, Thrissur<br>Kerala, India - 680 712 |
| 6. Printed at | : | Mama Printers,<br>Nada, Irinjalakuda<br>Thrissur. |

I, K.P. Sreedharan Nambuthiri, hereby declare that the particulars given above are true to the best of my knowledge and belief.

Irinjalakuda
14/02/2012

**K.P. SREEDHARAN NAMBOOTHIRI**
**PUBLISHER**

# താന്ത്രികവൈഷ്ണവദർശനം

ഡോ. ദാമോദർ നാരായണൻ സി.എൻ.

(കഴിഞ്ഞ ലക്കം തുടർച്ച)

**പാഞ്ചരാത്രത്തിലെ വിഷ്ണുസങ്കല്പം**

പാഞ്ചരാത്രസമ്പ്രദായത്തിലെ വിഷ്ണുസങ്കല്പത്തിന്റെ സിദ്ധാന്തം ആദ്യമായി കാണുന്നത് മഹാഭാരതത്തിലാണ്. പ്രധാനമായും വ്യൂഹസിദ്ധാന്തം. മഹാഭാരതത്തിലെ കഥാപാത്രങ്ങളായ ശ്രീകൃഷ്ണൻ (വാസുദേവൻ), അദ്ദേഹത്തിന്റെ ജ്യേഷ്ഠനായ ബലരാമൻ (സങ്കർഷണൻ), പുത്രനായ പ്രദ്യുമ്നൻ, പൌത്രനായ അനിരുദ്ധൻ എന്നിവരെ വളരെ ഉയർന്ന ഒരു സൈദ്ധാന്തികതലത്തിൽ നിർവ്വചിക്കുന്നതാണ് വ്യൂഹസിദ്ധാന്തം. ശ്രീശങ്കരാചാര്യർ തന്റെ ബ്രഹ്മസൂത്രഭാഷ്യത്തിൽ ഉത്പത്യസംഭവപ്രകരണത്തിൽ ഈ വ്യൂഹസിദ്ധാന്തത്തെ വിമർശിക്കുന്നുണ്ട്. അതിനർത്ഥം ഈ സിദ്ധാന്തത്തിന് പഴക്കമേറെയുണ്ട് എന്നതാണ്. ഇതേ സിദ്ധാന്തം തന്നെ സംഹിതകളിൽ പരാമർശിച്ചു കാണുന്നു. ഇന്ന് പാഞ്ചരാത്രത്തിലെ ഭഗവത്സങ്കല്പമെന്ന രീതിയിൽ പ്രസിദ്ധമായിട്ടുള്ളത് മഹാവിഷ്ണുവിന്റെ അഞ്ചു രൂപങ്ങളെയാണ്. അവയാണ് പരം, വ്യൂഹം വിഭവം അർച്ചാ, അന്തര്യാമി എന്നിവ. എന്നാൽ ഇന്നു ലഭ്യമായിട്ടുള്ള പാഞ്ചരാത്രഗ്രന്ഥങ്ങളിൽ പഴയവയായതായ സാത്വതസംഹിതാ, അഹിർബുദ്ധ്ന്യസംഹിതാ, ലക്ഷ്മീതന്ത്രം എന്നീ ഗ്രന്ഥങ്ങളിൽ ഇപ്രകാരമുള്ള ഒരു വിഭജനമില്ലെന്നു കാണാം. അവയിൽ ആദ്യത്തെ മൂന്നെണ്ണമായ പരം, വ്യൂഹം വിഭവം എന്നിവയെ മാത്രമേ ഉൾക്കൊള്ളിച്ചിട്ടുള്ളൂ. അർച്ചാ എന്നാൽ പാഞ്ചരാത്രതന്ത്രപ്രകാരം പ്രാണപ്രതിഷ്ഠ ചെയ്തിട്ടുള്ള ബിംബങ്ങളാകുന്നു. അവയെക്കുറിച്ചു ഈ ഗ്രന്ഥങ്ങളിൽ വിശദീകരിക്കുന്നുണ്ടെങ്കിലും വേറൊരു സ്വരൂപമായി ഇവകളിൽ കണക്കാക്കുന്നില്ല. അതു പോലെ തന്നെയാണ് അന്തര്യാമി എന്നതും. എല്ലാ വസ്തുക്കളിലും അന്തര്യാമി സ്വരൂപേണ വർത്തിക്കുന്ന ഭഗവാൻ വിഷ്ണു എന്നർത്ഥത്തിലുള്ള പരാമർശങ്ങൾ കാണാമെങ്കിലും അതിനെ ഒരു പ്രധാനഭാഗമായി കണക്കാക്കുന്നില്ല.

സാത്വതസംഹിതയിൽ വിഷ്ണുവിന്റെ ഇപ്രകാരമുള്ള പരവ്യൂഹവിഭവങ്ങളെക്കുറിച്ചുള്ള വിവരണവും അവയെക്കുറിച്ചുള്ള നിർവ്വചനവും എന്താണെന്നു നോക്കാം.

അനേകം മുനിമാർ തപസ്സു ചെയ്യുന്ന മലയാചലത്തിൽ ശ്രീ പരശുരാമനെ ദർശിക്കണമെന്ന ആഗ്രഹവുമായി ശ്രീനാരദമഹർഷി ചെന്നെത്തുന്നു. ഭഗവാൻ പരശുരാമൻ നാരദമഹർഷിക്കു ദർശനം കൊടുത്ത ശേഷം അവിടെ കൂടിയിരിക്കുന്നതായിട്ടുള്ള മുനിമാർക്ക് സാത്വതധർമ്മത്തെ ഉപദേ

ശിക്കാൻ നിർദ്ദേശിച്ചിട്ട് അവിടെ നിന്നും അന്തർദ്ധാനം ചെയ്യുന്നു. തുടർന്ന് ശ്രീ സങ്കർഷണഭഗവാന് ശ്രീവാസുദേവഭഗവാൻ ഉപദേശിച്ചു കൊടുത്ത സാത്വതധർമ്മത്തെ നാരദമഹർഷി അവർക്കു വിവരിച്ചു കൊടുക്കുന്നു.

ഏതു പ്രകാരമുള്ള ദേവനെ ഭജിച്ചാലാണ് രാഗം തുടങ്ങിയവ ജീവനെ സ്പർശിക്കാതെ സത്ത്വഗുണത്തിന്റെ ആധിക്യം ഉണ്ടാകുക എന്ന ചോദ്യത്തിന് മറുപടിയായി ഭഗവാൻ വാസുദേവൻ പരമമായതിന്റെ മൂന്നു തരത്തിലുള്ള വൈവിദ്ധ്യത്തെപ്പറയുന്നു.

ശ്രീ ഭഗവാനുവാച

ത്രിവിധേന പ്രകാരേണ പരമം ബ്രഹ്മ ശാശ്വതം
ആരാധയന്തി യേ തേഷാം രാഗസ്തിഷ്ഠതി ദൂരതഃ

സാരം-മൂന്നു പ്രകാരമുള്ള ശാശ്വതവും പരമവുമായുള്ള ബ്രഹ്മത്തെ ആരാണോ ആരാധിക്കുന്നത് അവരിൽ നിന്നും രാഗം ദൂരെ സ്ഥിതി ചെയ്യുന്നു.

സങ്കർഷണ ഉവാച

ഭഗവംസ്ത്രിവിധം ബ്രൂഹി ഉപേയം ബ്രഹ്മലക്ഷണം
ഹിതാർത്ഥം ച പ്രപന്നാനാം വ്യാമോഹവിനിവൃത്തയേ.

സാരം-അല്ലയോ ഭഗവാനേ അവിടുന്നിൽ അഭയം പ്രാപിക്കപ്പെട്ടിട്ടുള്ളവരുടെ ഹിതത്തിനു വേണ്ടിയും വ്യാമോഹത്തിന്റെ നിവൃത്തിക്കു വേണ്ടിയും പ്രാപിക്കപ്പെടേണ്ടവനായുള്ള ആ ബ്രഹ്മത്തിന്റെ മൂന്നു തരത്തിലുള്ള ലക്ഷണത്തെപ്പറഞ്ഞാലും.

**പരം**

ശ്രീഭഗവാനുവാച

ഷാഡ്ഗുണ്യവിഗ്രഹം ദേവം ഭാസ്വജ്ജ്വലനതേജസം.
സർവ്വതഃ പാണിപാദം തത് സർവ്വതോ ऽ ക്ഷിശിരോമുഖം.
പരമേതത് സമാഖ്യാതമേകം സർവ്വാശ്രയം പ്രഭും.

സാരം-ഷാഡ്ഗുണ്യവിഗ്രഹനും,(ജ്ഞാനം, ഐശ്വര്യം, ശക്തി, ബലം, വീര്യം തേജസ്സ് എന്നിവയാണ് ഷഡ്ഗുണങ്ങൾ. അവയോടു കൂടിയവനെന്നർത്ഥം) ജ്വലിച്ചു കൊണ്ടു പ്രകാശിക്കുന്ന തേജോരൂപമായവനും എല്ലായിടങ്ങളിലും കൈകളും, കാലുകളും കണ്ണുകളും ശിരസ്സും മുഖങ്ങളും ഉള്ളവനും (എല്ലായിടത്തും വ്യാപിച്ച് വിരാഡ്രൂപത്തിൽ നില കൊള്ളുന്നവൻ) എല്ലാത്തിന്റെയും ആശ്രയസ്ഥാനമായതുമായ പ്രഭുവാകുന്ന ഭഗവാന്റെ പരമെന്ന അവസ്ഥാവിശേഷം.

**വ്യൂഹം**

ഏതത്പൂർവ്വം ത്രയം ചാന്യജ്ജ്ഞാനാദ്യൈർഭേദിതം ഗുണൈഃ.

വിദ്ധി തദ്വ്യൂഹസംജ്ഞം സദ് നിഃശ്രേയസഫലപ്രദം.

സാരം- നേരത്തേ പറഞ്ഞ ജ്ഞാനാദികളായ ഷഡ്ഗുണങ്ങൾ ഈരണ്ടുവച്ച് സങ്കർഷണൻ, പ്രദ്യുമ്നൻ, അനിരുദ്ധൻ എന്നിങ്ങനെയുള്ള മൂന്നു മൂർത്തികളിൽ വിഭജിക്കപ്പെട്ട് നിലനില്ക്കുന്നു. അതാണ് പരമമായ ശ്രേയസ്സിന് കാരണമായ വ്യൂഹമെന്ന ഭഗവത്സ്വരൂപം.

ഇവിടെ വാസുദേവനിൽ ഷഡ്ഗുണങ്ങൾ മുഴുവനായും അന്തർഭവിച്ചിരിക്കുന്നു. സങ്കർഷണനിൽ ജ്ഞാനം ശക്തി, എന്നിവയും പ്രദ്യുമ്നനിൽ ഐശ്വര്യം ബലം എന്നിവയും, അനിരുദ്ധനിൽ വീര്യം തേജസ്സ് എന്നിവയും പ്രാമുഖ്യത്തോടെ പ്രകാശിക്കുന്നു. ഇവിടെ എല്ലാ വ്യൂഹങ്ങളിലും ഷഡ്ഗുണങ്ങളുടെ പൂർണ്ണമായ സാന്നിദ്ധ്യം ഉണ്ട്. എന്നാൽ ഈരണ്ടു ഗുണങ്ങൾ മുന്നിട്ടു നില്ക്കുന്നുവെന്നു മാത്രം.

**വിഭവം**

മുഖ്യാനുവൃത്തിഭേദേന യുക്തം ജ്ഞാനാദികൈർഗുണൈഃ.

നാനാകൃതിം ച തദ്വിദ്ധി വൈഭവം ഭുക്തിമുക്തിദം.

സാരം- മുഖ്യം അനുവൃത്തി എന്നിങ്ങനെയുള്ള ഭേദത്താൽ ജ്ഞാനാദി ഗുണങ്ങളോടു കൂടിയും വിവിധ ആകാരങ്ങളോടും ആകൃതികളോടും കൂടിയും ഭോഗമോക്ഷങ്ങൾ തരുന്നതുമായി നിലനില്ക്കുന്ന ഭഗവത്സ്വരൂപത്തെ വിഭവമെന്ന പേരിൽ അറിയപ്പെടുന്നു.

വിഭവങ്ങളെന്നാൽ ഭഗവദവതാരങ്ങളെന്നർത്ഥം. സാത്വതസംഹിതയിലും ലക്ഷ്മീതന്ത്രത്തിലും 38 വിഭവങ്ങളുടെ പരാമർശം കാണാം. അഹിർബുദ്ധ്ന്യസംഹിതയിൽ 39 ആയാണ് പരാമർശിച്ചിരിക്കുന്നത്.

(തുടരും)

# തന്ത്രസാഹിത്യം

## (ആഗമങ്ങൾ, സംഹിതകൾ)

ഡോ. അജിതൻ പി.ഐ.

(കഴിഞ്ഞ ലക്കം തുടർച്ച)

**ഉത്തരാമ്നായം**

ഉത്തരാമ്നായം യോഗിനികളിൽ നിന്നും ഉദ്ഭവിച്ചതാണെന്നാണ് വിശ്വസിക്കപ്പെടുന്നത്. മതം, ക്രമം, ഗുഹ്യകാളീസംപ്രദായം എന്നിങ്ങനെ

ഇതിൽ മൂന്നു പിരിവുകളാണുള്ളത്. മതസംപ്രദായത്തിന്റെ പ്രത്യേകത ഇതിലെ ദേവതകൾക്ക് മൃഗങ്ങളുടെ മുഖവുമുണ്ടെന്നുള്ളതാണ്. മൂന്നുദേവതകളെയാണ് ഈ സംപ്രദായത്തിൽ പ്രധാനമായും ആരാധിക്കുന്നത്. അവർ ത്രൈലോക്യഡാമരൻ, മതചക്രേശ്വരി, ഘോരഘോരതരാ എന്നിവരാണ്. ഈ സംപ്രദായത്തിൽ ഉൾപ്പെടുന്ന പ്രധാനഗ്രന്ഥമാണ് ചിഞ്ചിണീമതസാരസംഗ്രഹം.

ഉത്തരാമ്നായത്തിലെ മൂന്നു ശാഖകളിൽ ഏറ്റവുമധികം പ്രചാരം സിദ്ധിച്ച ഒരു ശാഖയാണ് ക്രമം. മംഗളാദേവിയെന്ന യോഗിനിയിൽ നിന്നുത്ഭവിച്ച ഈ ശാക്തസംപ്രദായം പല സിദ്ധന്മാർ വഴിയും യോഗിനികൾ വഴിയുമാണ് ഭാരതത്തിന്റെ പലകോണുകളായി പടർന്ന് പന്തലിച്ചത്. കാശ്മീരിൽ ഏറെക്കാലം പ്രചാരത്തിലുണ്ടായിരുന്നതിന് ശേഷം അവിടത്തെ രാഷ്ട്രീയാന്തരീക്ഷം കലുഷമായതോടെ ദക്ഷിണേന്ത്യയിലേക്കുവന്നു എന്നാണ് തെളിവുകൾ സൂചിപ്പിക്കുന്നത്. ക്രമത്തിന്റെ പിന്നീടുള്ള വളർച്ചയും പരിണാമവും സംഭവിക്കുന്നത് ദക്ഷിണേന്ത്യയിലാണ്, പ്രത്യേകിച്ചും തമിഴ്നാട്ടിലും തുടർന്ന് കേരളത്തിലും. ക്രമം ആദ്യകാലത്ത് തനതായ ഒരു സംപ്രദായമായിട്ടാണ് നിലനിന്നിരുന്നതെങ്കിലും പില്ക്കാലത്ത് ത്രിക, ത്രിപുരാസംപ്രദായമായിച്ചേർന്ന് ഒരു സങ്കരമായി പരിണമിക്കുന്നതായി കാണാം. നേപ്പാളിൽ ക്രമം ഇന്നും നിലവിലുണ്ടെന്നാണ് പറയപ്പെടുന്നത്. എന്നാൽ ഉത്തരകേരളത്തിലെ ശാക്തേയക്കാവുകളിൽ ഭാഗികമായിട്ടെങ്കിലും ക്രമം നിലനിൽക്കുന്നുവെന്നത് ഒരു വസ്തുതയാണ്.

ക്രമത്തിന്റെ വേറൊരു പേരാണ് മഹാർത്ഥം. ഇതിലെ പ്രധാനദേവതകൾ പന്ത്രണ്ട് അല്ലെങ്കിൽ പതിമൂന്ന് കാളിമാരാണ്. അവരിൽ പ്രധാനയായ കാളി കാലസങ്കർഷിണി എന്നാണ് അറിയപ്പെടുന്നത്. ഒരു പ്രത്യേക രീതിയിലാണ് ഇതിലെ ആരാധനാ സംപ്രദായം ക്രമീകരിച്ചിട്ടുള്ളത്. ആരാധനയിൽ സൃഷ്ടി, സ്ഥിതി, സംഹാരം, അനാഖ്യാ, ഭാസ എന്ന ക്രമമാണ് ഇതിൽ പിന്തുടരുന്നത്.

ക്രമത്തിലെ പ്രധാന ഗ്രന്ഥങ്ങളാണ് ബ്രഹ്മയാമളം, ക്രമസദ്ഭാവം, കാളീകുലപഞ്ചശതിക, ദേവീദ്വ്യർദ്ധശതിക, ശിതികണ്ഠൻ, അർണ്ണസിംഹൻ എന്നിവർ എഴുതിയ മഹാനയപ്രകാശങ്ങൾ, തിരുവനന്തപുരം ഗ്രന്ഥപ്പുരയിൽ നിന്നും കണ്ടെത്തിയ വേറൊരു മഹാനയപ്രകാശം, മഹേശ്വരാനന്ദന്റെ മഹാർത്ഥമഞ്ജരീ, ശ്രീവത്സന്റെ ചിദ്ഗഗനചന്ദ്രിക, വിമലപ്രബോധന്റെ കാളീകുലക്രമാർച്ചന, മഹാർത്ഥമന്ത്രപദ്ധതി എന്നിവ.

### ഗുഹ്യകാളീസംപ്രദായം

നേപ്പാളിലാണ് ഈ സംപ്രദായം ഇന്ന് നിലവിലുള്ളത്. അവിടെ ക്രമവു

മായി ബന്ധപ്പെട്ടിട്ടാണ് ഗുഹ്യകാളിയുടെ ആരാധന നിലനില്ക്കുന്നത്.

**കാശ്മീരശൈവം**

ജെ. സി ചാറ്റർജി 1914 ൽ പുറത്തിറക്കിയ കാശ്മീർശൈവിസം എന്ന ഗ്രന്ഥത്തിന്റെ വരവോടെയാണ് ഈ നാമം ദേശവിദേശങ്ങളിൽ വ്യാപകമായി ഉപയോഗിക്കപ്പെടുന്നത്. പരമ്പരാഗതഗ്രന്ഥങ്ങളിൽ പരാദ്വയം, ശിവാദ്വയ വാദം എന്നൊക്കെയാണ് കാശ്മീരിലുടലെടുത്ത അദ്വൈതപരമായ ശൈവ സംപ്രദായത്തെ സൂചിപ്പിച്ചുകാണുന്നത്. ഈ ശൈവധാരയിൽ പ്രധാനമായും രണ്ട് ശാഖകളാണുള്ളത്. അവ സ്പന്ദമെന്നും പ്രത്യഭിജ്ഞയെന്നും അറിയപ്പെടുന്നു. ശൈവ ആചാര്യനായ വസുഗുപ്തനിലൂടെയാണ് (എ. ഡി ഒൻപതാം നൂറ്റാണ്ട്) കാശ്മീരശൈവത്തിന്റെ തുടക്കം. ഗാഢനിദ്രയിലായിരുന്ന വസുഗുപ്തന്റെ സ്വപ്നത്തിൽ ഒരു ദിവസം ശിവൻ പ്രത്യക്ഷപ്പെട്ട് മഹാദേവ പർവ്വതത്തിൽ ചില കാര്യങ്ങൾ എഴുതിവച്ചിട്ടുള്ളതായി സൂചിപ്പിക്കുകയും ഇതിനെത്തുടർന്ന് വസുഗുപ്തൻ അവിടെ പോയപ്പോൾ കണ്ടത് ശിവസൂത്രങ്ങളായിരുന്നുവെന്നുമാണ് വിശ്വാസം. ഏതായാലും ശിവസൂത്രങ്ങളാണ് കാശ്മീരശൈവത്തിലെ ആദ്യ ഗ്രന്ഥമായി കണക്കാക്കപ്പെടുന്നത്. ഇതിനെത്തുടർന്ന് വരുന്നതാണ് വസുഗുപ്തന്റെ ശിഷ്യനായ ഭട്ടകല്ലടനാൽ എഴുതപ്പെട്ടതെന്ന് വിശ്വസിക്കപ്പെടുന്ന സ്പന്ദകാരിക അല്ലെങ്കിൽ സ്പന്ദസൂത്രം.

ഇപ്പറഞ്ഞവയിൽ ശിവസൂത്രവും സ്പന്ദകാരികയും സ്പന്ദം എന്ന വിഭാഗത്തിൽ ഉൾപ്പെടുന്നു. തുടർന്ന് വരുന്ന ഏറെ പ്രധാനപ്പെട്ട ഗ്രന്ഥമാണ് സോമാനന്ദന്റെ (എ. ഡി ഒൻപതാം നൂറ്റാണ്ട്) ശിവദൃഷ്ടി. ശിവദൃഷ്ടിയെന്നാൽ ശിവസംബന്ധിയായ ദർശനം എന്നർത്ഥം. ഈ ശിവദൃഷ്ടിയാണ് പിന്നീട് പടർന്നു പന്തലിച്ച പ്രത്യഭിജ്ഞാദർശനത്തിന് അടിസ്ഥാനശില പാകുന്നത്. ഇതിലൂടെയാണ് ശിവൻ വിശ്വാത്മകനാണെന്ന വാദം അതായത് ഈ പ്രപഞ്ചംതന്നെയാണ് ശിവന്റെ സ്വരൂപമെന്ന വാദം ആദ്യമായി മുന്നോട്ട് വയ്ക്കപ്പെടുന്നത്. ഏഴാഹ്നികങ്ങളടങ്ങിയ ശിവദൃഷ്ടിയിലെ രണ്ടാമത്തെ ആഹ്നികത്തിൽ അദ്ദേഹം ഭർത്തൃഹരിയുടെ വാഗ്ഭേദങ്ങളെക്കുറിച്ചുള്ള സിദ്ധാന്തത്തെ നിശിതമായി വിമർശിക്കുന്നുണ്ട്. തുടർന്ന് വാക്കിന് പരാ എന്ന് നാലാമതൊരുഭേദമുണ്ടെന്നും അതാണ് ഭർത്തൃഹരി സമർത്ഥിക്കുന്ന പശ്യന്തിയെക്കാൾ ഉയർന്നതലമെന്നും അദ്ദേഹം വാദിക്കുന്നു. ഈ പ്രത്യഭിജ്ഞാപരമ്പരയിൽ തുടർന്ന് വരുന്ന ആചാര്യനാണ് സോമാനന്ദന്റെ ശിഷ്യനായ ഉത്പലദേവൻ (എ. ഡി പത്താം നൂറ്റാണ്ട്). ഉത്പലദേവന്റെ ഈശ്വരപ്രത്യഭിജ്ഞാകാരികയാണ് പ്രത്യഭിജ്ഞാദർശനത്തിന്റെ കാതലായ ഗ്രന്ഥം. ഈ ഈശ്വരപ്രത്യഭിജ്ഞയ്ക്ക് അദ്ദേഹം തന്നെ വൃത്തി എന്നും വിവൃതിയെന്നും രണ്ട് വ്യാഖ്യാനങ്ങൾ എഴുതിയിട്ടുണ്ട്. സോമാനന്ദന്റെ ശിവദൃഷ്ടിക്ക് ഒരു വൃത്തിയും ഇദ്ദേഹത്തിന്റേതായിട്ടുണ്ട്. ഇവ കൂടാതെ സിദ്ധിത്രയീയെന്നറിയപ്പെടുന്ന ഈശ്വരസിദ്ധി,

സംബന്ധസിദ്ധി, അജഡപ്രമാതൃസിദ്ധി എന്നീ ഗ്രന്ഥങ്ങളും അദ്ദേഹത്തിന്റെ സംഭാവനയാണ്. ശിവന്റെ പരമഭക്തനായിരുന്ന അദ്ദേഹം ശിവസ്തോത്രാവലിയെന്ന ഒരു സ്തോത്രഗ്രന്ഥവും എഴുതിയിട്ടുണ്ട്. ഉത്പലദേവന്റെ മുൻപറഞ്ഞ കൃതികളാണ് പ്രത്യഭിജ്ഞാസിദ്ധാന്തത്തിന്റെ അടിസ്ഥാനശിലകൾ. സ്വഗുരുവായ സോമാനന്ദൻ നിശിതമായി വിമർശിച്ച ഭർത്തൃഹരിയെ ഉത്പലദേവൻ ഉൾക്കൊള്ളുന്നു എന്നതാണ് ഏറെ ശ്രദ്ധേയമായൊരു വസ്തുത. ഈ പരമ്പരയിൽ തുടർന്ന് വരുന്ന ആചാര്യനാണ് ലക്ഷ്മണഗുപ്തൻ (എ. ഡി പത്താം നൂറ്റാണ്ട്). ഇദ്ദേഹത്തിന്റേതായി ഒരു ഗ്രന്ഥവും ഇന്നേവരെ കണ്ടെത്തിയിട്ടില്ല. ലക്ഷ്മണഗുപ്തൻ ഉത്പലദേവന്റെ ശിഷ്യനും കൂടിയാണ്. പ്രത്യഭിജ്ഞാ പരമ്പരയിൽ അടുത്തതായി വരുന്ന ആളാണ് ലക്ഷ്മണഗുപ്തന്റെ ശിഷ്യനായ അഭിനവഗുപ്തൻ (എ. ഡി പത്താം നൂറ്റാണ്ടിനും പതിനൊന്നാം നൂറ്റാണ്ടിനും മദ്ധ്യം). ശൈവാചാര്യപരമ്പരയിലെ അതുല്യപ്രഭാവനും അതീവ ധിഷണാശാലിയും ഭാരതീയസൗന്ദര്യദർശനത്തിലടക്കം ഒരുപാട് അമൂല്യസംഭാവനകൾ നൽകിയ ഒരാളുമായിരുന്നു അഭിനവഗുപ്തൻ. അക്കാലത്തുണ്ടായിരുന്ന പ്രബലമായ ദർശനങ്ങളെയെല്ലാം സ്വാംശീകരിക്കുകയും തന്റെ പ്രധാന രചനകളിലുടനീളം അവയെല്ലാം തന്നെ പൂർവ്വപക്ഷമെന്നോണം അവതരിപ്പിക്കുകയും ചെയ്യുന്നുണ്ട് അദ്ദേഹം. തന്റെ പ്രധാനകൃതിയായ തന്ത്രാലോകത്തിൽ താനഭ്യസിച്ച സമസ്തഗുരുക്കന്മാരുടേയും പേരുകൾ സബഹുമാനം അദ്ദേഹം പരാമർശിക്കുന്നുണ്ട്. അതിൽ തന്ത്രത്തിന്റെ രഹസ്യാത്മകവും അനുഭവാധിഷ്ഠിതവുമായ ലോകത്തേക്ക് തന്നെ കൈപിടിച്ച് നടത്തിയ ആചാര്യനായി അദ്ദേഹം പരാമർശിക്കുന്നത് ശംഭുനാഥനെയാണ്. ശംഭുനാഥന്റെ ഗുരുവായ സുമതിയാകട്ടെ മഹാരാഷ്ട്രയിലെ കൊങ്കൺ ദേശക്കാരനുമായിരുന്നു. അഭിനവഗുപ്തന്റെ മറ്റൊരു സവിശേഷത ഗ്രന്ഥരചനയ്ക്ക് പ്രേരണയായി വർത്തിച്ച സ്വശിഷ്യന്മാരുടെ പേരുകൾ ഏറെ വാത്സല്യത്തോടെ തന്ത്രാലോകം, ഭഗവദ്ഗീതാർത്ഥസംഗ്രഹം എന്നീ ഗ്രന്ഥങ്ങളിൽ പരാമർശിക്കുന്നുണ്ടെന്നുള്ളതാണ്. കർണ്ണൻ, മനോരഥൻ തുടങ്ങിയവയാണ് ആ പേരുകൾ. ഇക്കൂട്ടത്തിലെവിടേയും ക്ഷേമരാജന്റെ പേര് പരാമർശിച്ച് കാണാനില്ലെങ്കിലും ക്ഷേമരാജനും അഭിനവഗുപ്തന്റെ ശിഷ്യനായിട്ടാണ് കണക്കാക്കപ്പെടുന്നത്. സ്വഗ്രന്ഥത്തിൽ ശിഷ്യന്മാരുടെ പേരുകൾ കൂടി പരാമർശിക്കുകയെന്നുള്ളത് സംസ്കൃതസാഹിത്യലോകത്ത് തികച്ചും അന്യാദൃശമായ ഒരു പ്രവണതയാണ്.

ആദ്യകാലങ്ങളിൽ അഭിനവഗുപ്തനെ ആഴത്തിൽ പഠിച്ച രണ്ട് പണ്ഡിതന്മാരായിരുന്നു കെ.സി പാണ്ഡേയും വി. രാഘവനും. ഇവർ അഭിനവഗുപ്തന്റേതായി നാല്പതിലധികം കൃതികളെ പേരെടുത്ത് പരാമർശിക്കുന്നുണ്ട്. ഇവയിൽ ചില ഗ്രന്ഥങ്ങൾ മാത്രമേ ഇവിടെ പരാമർശിക്കുന്നുള്ളൂ.

സംസ്കൃതസാഹിത്യപരമായ ഗ്രന്ഥങ്ങളിൽ ആനന്ദവർദ്ധനന്റെ ധ്വന്യാലോകത്തിനുള്ള വ്യാഖ്യാനമായ ലോചനവും നാട്യശാസ്ത്രത്തിന്റെ വ്യാഖ്യാനമായ അഭിനവഭാരതിയുമാണ് ഏറ്റവും പ്രധാനം. ഇവ കൂടാതെ സ്വഗുരുവായ ഭട്ടതോതന്റെ കാവ്യകൗതുകത്തിനുള്ള കാവ്യകൗതുകവിവരണം എന്നൊരു ഗ്രന്ഥവും അദ്ദേഹം രചിച്ചിട്ടുണ്ട്. പക്ഷേ കണ്ടുകിട്ടിയിട്ടില്ല. കൂടാതെ ഘടകർപ്പരകുളകവൃത്തിയെന്നൊരു വ്യാഖ്യാനവും അദ്ദേഹത്തിന്റേതായിട്ടുണ്ട്. ഇവ നാലുമൊഴികെ ബാക്കിയെല്ലാം താന്ത്രികഗ്രന്ഥങ്ങളാണ്. അവയിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് തന്ത്രാലോകം. മാലിനീവിജയമെന്ന ത്രികസംപ്രദായത്തിലെ അടിസ്ഥാനഗ്രന്ഥത്തിന്റെ പശ്ചാത്തലത്തിലാണ് അഭിനവഗുപ്തൻ തന്ത്രാലോകം അവതരിപ്പിക്കുന്നത്.

അതിബൃഹത്തായ ഈ ഗ്രന്ഥത്തിൽ താന്ത്രികശൈവപരമ്പരയിലെ മുഴുവൻ അന്തർധാരകളേയും ഒരു കുടക്കീഴിൽ അഭിനവഗുപ്തൻ കൊണ്ടുവരുന്നു. ഗ്രന്ഥത്തിന്റെ പേരു സൂചിപ്പിക്കുന്നത് പോലെ തന്ത്രാലോകം ശൈവദർശനത്തിന്റെ മുഴുവൻ ഉള്ളറകളിലേക്കും വെളിച്ചം വീശുന്ന ഒരു ഉദയസൂര്യനാണ്. ത്രികസംപ്രദായത്തിന്റെ ഒരു പദ്ധതിഗ്രന്ഥമായും ഇത് കണക്കാക്കപ്പെടുന്നുണ്ട്. ഇതിന് ജയരഥൻ തന്ത്രാലോകവിവേകം എന്നൊരു വ്യാഖ്യാനമെഴുതിയിട്ടുണ്ട്. തന്ത്രാലോകത്തിന്റെ സംഗ്രഹരൂപമാണ് അദ്ദേഹം തന്നെ എഴുതിയ തന്ത്രസാരം, തന്ത്രോച്ചയം, തന്ത്രവടധാനിക, ബോധപഞ്ചദശിക എന്നീ കൃതികൾ.

തന്ത്രാലോകമെന്ന സ്വതന്ത്രകൃതിയോളം തന്നെ പ്രധാനപ്പെട്ടതാണ് അദ്ദേഹത്തിന്റെ പ്രത്യഭിജ്ഞാകാരികയ്ക്കുള്ള വ്യാഖ്യാനങ്ങൾ. ഈശ്വരപ്രത്യഭിജ്ഞാ വിമർശിനിയും (ലഘ്വീ), ഈശ്വരപ്രത്യഭിജ്ഞാ വിവൃതിവിമർശിനിയും (ബൃഹതി). പ്രത്യഭിജ്ഞാദർശനത്തെ ശാസ്ത്രീയമായ ഒരടിത്തറയോടെ ഒരു മുഖ്യധാരാ ദർശനമായി മാറ്റുന്നതിൽ ഈ രണ്ട് വ്യാഖ്യാനങ്ങളും വഹിച്ച പങ്ക് വളരെ വലുതാണ്.

അഭിനവഗുപ്തന്റെ വ്യാഖ്യാനകൃതികളിൽ പ്രാധാന്യമർഹിക്കുന്ന മറ്റ് രണ്ട് കൃതികളാണ് മാലിനീവിജയവാർത്തികവും ഭഗവദ്ഗീതാർത്ഥസംഗ്രഹവും. ഇതിൽ ത്രികത്തിന്റെ അടിസ്ഥാനഗ്രന്ഥമായ മാലിനീവിജയത്തിനുള്ള അദ്ദേഹത്തിന്റെ വ്യാഖ്യാനമാണ് മാലിനീവിജയവാർത്തികം. ഭഗവദ്ഗീതാർത്ഥസംഗ്രഹമെന്നത് പേര് സൂചിപ്പിക്കുന്നത് പോലെ ഭഗവദ്ഗീതയുടെ ഒരു ലഘു വ്യാഖ്യാനമാണ്. എഴുന്നൂറ് ശ്ലോകങ്ങളടങ്ങിയ ഭഗവദ്ഗീതയുടെ കാശ്മീരപാഠമാണ് അഭിനവഗുപ്തൻ സ്വീകരിച്ചിട്ടുള്ളത്.

ശ്രദ്ധേയമായ ഒരു വസ്തുത ആദിശേഷനാൽ എഴുതപ്പെട്ട പരമാർത്ഥസാരമെന്ന വേദാന്തപരമായ ഗ്രന്ഥത്തെ അഭിനവഗുപ്തൻ ചിലമാറ്റങ്ങൾ വരുത്തി തികച്ചും ശൈവാദ്വൈതപരമാക്കിയിട്ടുണ്ട് എന്നുള്ളതാണ്.

ത്രികം, പ്രത്യഭിജ്ഞ തുടങ്ങിയ ശാസ്ത്രപരമായ സ്വതന്ത്രകൃതികളും വ്യാഖ്യാനങ്ങളുമല്ലാതെ അഭിനവഗുപ്തൻ ചില സ്തോത്രകൃതികളും എഴുതിയിട്ടുണ്ട്. അവയും ശാസ്ത്രദൃഷ്ട്യാ ഏറെ പ്രാധാന്യമർഹിക്കുന്നവയാണ്. അനുത്തരാഷ്ടികാ, പരമാർത്ഥദ്വാദശിക, പരമാർത്ഥചർച്ച, മഹോപദേശവിംശതികം, ക്രമസ്തോത്രം, ഭൈരവസ്തവം, ദേഹസ്ഥദേവതാചക്രസ്തോത്രം, അനുഭവനിവേദനം എന്നിവയാണ് സ്തോത്രകൃതികൾ.

അഭിനവഗുപ്തന് പല ശിഷ്യന്മാരുണ്ടായിരുന്നെങ്കിലും അക്കൂട്ടത്തിൽ കൂടുതൽ അറിയപ്പെട്ടത് ക്ഷേമരാജനാണ്. ഏതാണ്ട് പതിനഞ്ചോളം കൃതികൾ അദ്ദേഹത്തിന്റേതായിട്ടുണ്ട്. അവയിൽ സ്വതന്ത്രകൃതികളും വ്യാഖ്യാനങ്ങളും ഉൾപ്പെടുന്നു. അദ്ദേഹത്തിന്റെ വ്യാഖ്യാനകൃതികൾ സ്വച്ഛന്ദോദ്യോതം, നേത്രോദ്യോതം, വിജ്ഞാനഭൈരവവിവൃതി, സ്പന്ദസന്ദോഹം, സ്പന്ദനിർണ്ണയം, ശിവസൂത്രവിമർശിനി, സ്തവചിന്താമണി വിവൃതി, ശിവസ്തോത്രാവലീ ടീക, സാംബപഞ്ചാശികാ ടീക, പരമാർത്ഥസംഗ്രഹവൃത്തി, ക്രമസൂത്രവ്യാഖ്യാ എന്നിവയാണ്. ഇവകൂടാതെ ധ്വന്യാലോകത്തിന് ധ്വന്യാലോകലോചനോദ്യോതം എന്നൊരു വ്യാഖ്യാനവും അദ്ദേഹം എഴുതിയിട്ടുള്ളതായി പറയപ്പെടുന്നു. സ്വതന്ത്രകൃതികൾ പ്രത്യഭിജ്ഞാഹൃദയം, പരാപ്രവേശിക എന്നിവയാണ്.

ക്ഷേമരാജന്റെ ശിഷ്യനാണ് യോഗരാജൻ. ഇദ്ദേഹമാണ് അഭിനവഗുപ്തന്റെ പരമാർത്ഥസാരത്തിന് വ്യാഖ്യാനമെഴുതിയിട്ടുള്ളത്. യോഗരാജനെക്കൂടാതെ വരദരാജൻ എന്നൊരു ശിഷ്യനും ക്ഷേമരാജനുണ്ടായിരുന്നു. അദ്ദേഹം ദക്ഷിണേന്ത്യക്കാരനായിരുന്നുവെന്നാണ് കരുതപ്പെടുന്നത്. ഈ വരദരാജൻ ശിവസൂത്രത്തിന് ഒരു വാർത്തികം എഴുതിയിട്ടുണ്ട്. ഇത് ഇന്ന് കിട്ടാനുണ്ട്. ഇവരെക്കൂടാതെ ശൂരൻ എന്നൊരു ശിഷ്യനും കൂടെ ക്ഷേമരാജന് ഉണ്ടായിരുന്നതായി വി. രാഘവൻ പരാമർശിക്കുന്നുണ്ട്.

കാശ്മീരശൈവത്തിലുള്ള ഈയൊരു ഗ്രന്ഥകാരന്മാരുടെ പരമ്പര പതിനെട്ടാം നൂറ്റാണ്ടിൽ കാശ്മീരിൽ ജീവിച്ചിരുന്ന സാഹിബ് കൗളിനോടെ അവസാനിക്കുന്നു. അദ്ദേഹമെഴുതിയ കാശ്മീരശൈവപരങ്ങളായ ഗ്രന്ഥങ്ങളാണ് ശിവസിദ്ധിനീതി, ചിത്സ്ഫാരസാരാദ്വയം, സച്ചിദാനന്ദകന്ദളി, ശിവശക്തിവിലാസം, സഹജാർച്ചനഷഷ്ടിക, നിജാത്മബോധം, ദേവീനാമവിലാസം എന്നിവ. സ്വതന്ത്രഗ്രന്ഥങ്ങളുടെ കർത്താക്കളുടെ പരമ്പര മാത്രമേ സാഹിബ് കൗളിനോടെ കഴിയുന്നുള്ളൂ. പിന്നീടും പല ആചാര്യന്മാരും ഈ പരമ്പരയിൽ ഉണ്ടായിട്ടുണ്ട്. അവരിൽ പത്തൊമ്പതാം നൂറ്റാണ്ടുമുതൽ കാശ്മീരിൽ അറിയപ്പെടുന്ന ഗുരുക്കന്മാരായിരുന്ന സ്വാമി മനകാക്, അദ്ദേഹത്തിന്റെ ശിഷ്യനായിരുന്ന സ്വാമി രാം (1852-1914), അദ്ദേത്തിന്റെ ശിഷ്യനായിരുന്ന സ്വാമി മെഹതാബ്കാക് എന്നിവർ, ഈ പരമ്പരയിൽ അവസാനത്തേതും

ഏറെ പ്രസിദ്ധനുമായ ഒരാളായിരുന്നു സ്വാമി ലക്ഷ്മൺ ജൂ (1907-1991). ഇദ്ദേഹത്തിന്റെ സ്വദേശികളും വിദേശികളുമായ ശിഷ്യന്മാരും വിദ്യാർത്ഥികളുമാണ് കാശ്മീരശൈവത്തെ ഇന്ന് അക്കാദമികതലത്തിൽ പ്രധാനപ്പെട്ട ഒരു ചർച്ചാവിഷയമായി മാറ്റിയത്.

**വൈഷ്ണവം**

വൈഷ്ണവം എന്നത് പേരു സൂചിപ്പിക്കുന്നത് പോലെത്തന്നെ വിഷ്ണുവാണ് ഇതിലെ പ്രധാന ആരാധനാ ദേവത. ഗുപ്തകാലഘട്ടത്തിലെ ശിലാലിഖിതങ്ങളിലുമൊക്കെ കണ്ടുവന്ന പരാമർശങ്ങളനുസരിച്ച് ഭാഗവതസംപ്രദായം എന്നായിരുന്നു വൈഷ്ണവത്തിന്റെ ആദ്യ നാമം. അക്കാലത്തെ ചില ആചാര്യന്മാരെയും രാജാക്കന്മാരേയും സൂചിപ്പിക്കാൻ പരമഭാഗവതൻ, മഹാഭാഗവതൻ എന്നൊക്കെയുള്ള വിശേഷണങ്ങളായിരുന്നു ഉപയോഗിച്ചിരുന്നത്.

വൈഷ്ണവസംപ്രദായത്തിൽ പ്രധാനമായും രണ്ട് ഉൾപ്പിരിവുകളാണുള്ളത്. പാഞ്ചരാത്രം, വൈഖാനസം എന്നിവയാണവ. ശതപഥബ്രാഹ്മണത്തിൽ നാരായണൻ അഞ്ച് ദിവസം നീണ്ടുനിൽക്കുന്ന പുരുഷമേധയജ്ഞം അനുഷ്ഠിച്ചുവെന്നും അതിന്റെ ഫലമായി അദ്ദേഹം അജയ്യനായി എന്നും പ്രപഞ്ചസ്വരൂപനായിത്തീർന്നു എന്നുമുള്ള ഒരു വിവരണമുണ്ട്. ഇതിൽനിന്നുമാണ് ഈ സംപ്രദായത്തിന് പാഞ്ചരാത്രം എന്ന പേരുവന്നതെന്ന് ഒരു വിഭാഗം ആചാര്യന്മാരുടെ പക്ഷം. മറ്റു ചില ആചാര്യന്മാരുടെ അഭിപ്രായത്തിൽ രാത്രമെന്നത് പകലിന്റേയും, ദിനരാത്രങ്ങളുടേയും, അജ്ഞാനത്തിന്റേയും, ജ്ഞാനത്തിന്റേയുമൊക്കെ പര്യായപദമാണ്. അതല്ല പരം, വ്യൂഹം, വിഭവം, അന്തര്യാമി, അർച്ച എന്നിങ്ങനെ വിഷ്ണുവിന്റെ അവതാരഭേദങ്ങളനുസരിച്ചാണ് ഈ സംപ്രദായത്തിന് പാഞ്ചരാത്രമെന്ന പേർസിദ്ധിച്ചതെന്ന വേറൊരുപക്ഷവുമുണ്ട്.

**സംഹിതകൾ**

പാഞ്ചരാത്രസംപ്രദായത്തിലെ ഗ്രന്ഥങ്ങൾ സംഹിതകൾ എന്നറിയപ്പെടുന്നു. സംഹിതകൾ ആകെ നൂറ്റിയെട്ടെണ്ണമെന്നാണ് പരമ്പരാഗതവിശ്വാസം. എന്നാൽ പാഞ്ചരാത്രസംഹിതകളെക്കുറിച്ച് പഠിച്ച എഫ്. ഒ ഷ്രേഡർ ഇരുന്നൂറ്റിപ്പത്തോളം സംഹിതകളുടെ പേരുവിവരങ്ങൾ നൽകുന്നുണ്ട്. അതിനർത്ഥം പാഞ്ചരാത്രസാഹിത്യം ഏറെ പ്രബലവും വളർന്നുകൊണ്ടിരുന്ന ഒരു ശാഖയുമായിരുന്നു എന്നുമാണ്. കാശ്മീരിൽ ശൈവദർശനം പ്രബലമാകുന്നതിന് മുൻപ് ഏറെ പ്രചാരം നേടിയിരുന്നത് പാഞ്ചരാത്രദർശനമെന്നാണ് ചില പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നത്.

പാഞ്ചരാത്രസംഹിതകളിൽ സാത്വതം, പൗഷ്കരം, ജയാഖ്യം എന്നിങ്ങ

നെ മൂന്നു സംഹിതകളാണ് പരമപ്രധാനം. ഇവ രത്നത്രയം എന്നറിയപ്പെടു ന്നു. ഇതിൽ ജയാഖ്യസംഹിതയുടെ ഒരു പ്രത്യേകത അതിലാണ് വിഷ്ണുവിന്റെ വൈകുണ്ഠമൂർത്തിയെന്ന ഒരു രൂപത്തെപ്പറ്റി ആദ്യമായി പരാമർശിക്കുന്നത്. വരാഹം, നരൻ (സൌമ്യമുഖം), നരസിംഹം, കപിലൻ (രൌദ്രമുഖം) എന്നീ നാലുമുഖങ്ങളോട് കൂടിയ വിഷ്ണുവിന്റെ ഒരു രൂപമാണ് വൈകുണ്ഠമൂർത്തി. രത്നത്രയങ്ങളാണ് പാഞ്ചരാത്രത്തിൽ പ്രധാനങ്ങളെന്നതുകൊണ്ട് ഇവയാണ് ഏറ്റവും പഴക്കം ചെന്ന സംഹിതകൾ എന്നർത്ഥമില്ല. ഈയടുത്ത കാലത്ത് ദിവാകർ ആചാര്യ എന്ന പണ്ഡിതൻ രത്നത്രയത്തിനും മുമ്പുണ്ടായിരുന്നുവെന്ന് കരുതപ്പെടുന്ന ജയോത്തരം, സ്വായംഭുവപാഞ്ചരാത്രം, ദേവാമൃതപാഞ്ചരാത്രം, വാസുദേവകല്പം തുടങ്ങിയ ഗ്രന്ഥങ്ങൾ കണ്ടെത്തുകയും പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. ഷ്രേഡർ, മിത്സുനോരി മത്സുബാര തുടങ്ങിയ പണ്ഡിതന്മാരുടെ അഭിപ്രായത്തിൽ രത്നത്രയം, അഹിർബുദ്ധ്ന്യസംഹിത എന്നിവ കാശ്മീരിലും ബാക്കിയെല്ലാം തന്നെ ദക്ഷിണേന്ത്യയിലാണ് എഴുതപ്പെട്ടിട്ടുള്ളത്.

ചില പ്രധാനപ്പെട്ട സംഹിതകളുടെ മാത്രം പേരുകൾ താഴെക്കൊടുക്കുന്നു. പരമസംഹിത, സനത്കുമാരസംഹിത, ഇശ്വരസംഹിത, പരമേശ്വരസംഹിത, നാരദീയസംഹിത, ലക്ഷ്മീതന്ത്രം, വിഷ്വക്സേനസംഹിത, പദ്മസംഹിത, വിശ്വാമിത്രസംഹിത, ശേഷസംഹിത, അനിരുദ്ധസംഹിത, ശ്രീപ്രശ്നസംഹിത, നാരദപാഞ്ചരാത്രം. ഇവയിൽ പദ്മ, സനത്കുമാരസംഹിതകൾ ശൈവസിദ്ധാന്താഗമങ്ങൾ പോലെ നാല് പാദങ്ങളായി വിഭജിച്ചിട്ടാണ് സംഹിതകളും വിഷയങ്ങളെ അവതരിപ്പിക്കുന്നത്. പാഞ്ചരാത്രസംഹിതകളിലെ പ്രധാന ചർച്ചാവിഷയങ്ങൾ വിഷ്ണുവിന്റെ അവതാരഭേദങ്ങളായ പരം, വ്യൂഹം, വിഭവം, അന്തര്യാമി, അർച്ച തുടങ്ങിയവയെക്കുറിച്ചും ക്ഷേത്രനിർമ്മാണം, പ്രതിഷ്ഠ, ഉത്സവം, പ്രായശ്ചിത്തം, നവീകരണം, ദീക്ഷ തുടങ്ങിയവയാണ്. മോക്ഷമാണ് ആരാധനയുടെ കേന്ദ്രബിന്ദു. സാരൂപ്യം, സായുജ്യം, സാമീപ്യം, സാലോക്യം എന്നിവയാണ് പാഞ്ചരാത്രമനുസരിച്ച് മുക്തിഭേദങ്ങൾ.

പാഞ്ചരാത്രത്തിന്റെ സ്വാധീനം കേവലം തമിഴ്നാട്, കർണ്ണാടക, ആന്ധ്ര എന്നീ പ്രദേശങ്ങളിൽ മാത്രമായി ഒതുങ്ങിയിരുന്നില്ല. കേരളത്തിലും ഇതിന്റെ സ്വാധീനം കാണാം. അതിന്റെ ഒരു പ്രധാന തെളിവാണ് ഇവിടെ എഴുതപ്പെട്ട പാഞ്ചരാത്രഗ്രന്ഥമായ വിഷ്ണുസംഹിത. ഇതിന്റെ സ്വാധീനം തുടർന്നിങ്ങോട്ട് എഴുതപ്പെട്ട കേരളീയതാന്ത്രികഗ്രന്ഥങ്ങളായ ക്രിയാസാരം, തന്ത്രസമുച്ചയം, നാരായണാത്മകം, പരമേശ്വര-തൊഴാനൂർ-കറുത്തപാറാനുഷ്ഠാനങ്ങൾ എന്നിവയിലൊക്കെ കാണാൻ സാധിക്കും.

**വൈഖാനസം**

യജുർവേദത്തിന്റെ വൈഖാനസശാഖയുമായി ബന്ധപ്പെട്ടതാണ് വൈ

ഖാനസമെന്ന വൈഷ്ണവസംപ്രദായം. മാത്രവുമല്ല ധർമ്മസൂത്രകാരനും ഗൃഹ്യ സൂത്രകാരനുമായ വിഖനസ് എന്ന മഹർഷിയാൽ ആരംഭിക്കപ്പെട്ടതുകൊണ്ടും കൂടിയാണ് ഇതിനെ വൈഖാനസം എന്ന് വിളിക്കുന്നത്. വൈഖാനസസംപ്രദായത്തിലുള്ള താന്ത്രികവൈഷ്ണവഗ്രന്ഥങ്ങൾ വൈഖാനസസംഹിതകൾ എന്ന് അറിയപ്പെടുന്നു.

വൈഖാനസസംഹിതകളിൽ നല്ലൊരു ശതമാനവും വിഖനസ് മഹർഷിയുടെ അത്രി, കശ്യപൻ, ഭൃഗു, മരീചി തുടങ്ങിയ നാല് ശിഷ്യന്മാരാൽ എഴുതപ്പെട്ടതാണ്. ഇവരാൽ എഴുതപ്പെട്ട സംഹിതകൾ ക്രമത്തിൽ തന്ത്രങ്ങൾ, കാണ്ഡങ്ങൾ, അധികാരങ്ങൾ, സംഹിതകൾ എന്നറിയപ്പെടുന്നു. ഇവയിൽ അത്രിയാൽ എഴുതപ്പെട്ടവയാണ് പൂർവ്വതന്ത്രം, ആത്രേയതന്ത്രം, വിഷ്ണുതന്ത്രം, ഉത്തരതന്ത്രമെന്നിവ. കശ്യപനാൽ എഴുതപ്പെട്ടവയാണ് സത്യകാണ്ഡം, തർക്കകാണ്ഡം, ജ്ഞാനകാണ്ഡം, സന്താനകാണ്ഡം, കാശ്യപകാണ്ഡമെന്നിവ. ഭൃഗുവിനാൽ എഴുതപ്പെട്ടവയാണ് ഖിലാധികാരം, പുരാധികാരം, മാനാധികാരം / അർച്ചനാധികാരം, വർണ്ണാധികാരം, നിരുക്താധികാരം, പ്രകീർണ്ണാധികാരം, യജ്ഞാധികാരം, വാസാധികാരം, ക്രിയാധികാരം, ചിത്രാധികാരം, പ്രതിഗൃഹ്യാധികാരം, ഖിലാധികാരം, ഉത്തരതന്ത്രമെന്നിവ. മരീചിയാൽ എഴുതപ്പെട്ടവയാണ് ജയസംഹിത,ആനന്ദസംഹിത, സംജ്ഞാനസംഹിത, വീരസംഹിത, വിജയസംഹിത, വിജിതസംഹിത, വിമലസംഹിത, ജ്ഞാനസംഹിത എന്നിവ.

ഒമ്പതാം നൂറ്റാണ്ടിനും പതിമൂന്നാം നൂറ്റാണ്ടിനുമിടയിലാണ് ഈ സംഹിതകൾ എഴുതപ്പെട്ടതെന്നാണ് കണക്കാക്കപ്പെടുന്നത്. പാഞ്ചരാത്രസിദ്ധാന്തമനുസരിച്ച് മഹാവിഷ്ണുവിന്റെ പരിണാമഭേദങ്ങളാണ് പര, വ്യൂഹം, വിഭവം, അന്തര്യാമി, അർച്ചകളെങ്കിൽ വൈഖാനസമനുസരിച്ച് വിഷ്ണു, പുരുഷൻ, സത്യൻ, അച്ച്യുതൻ, അനിരുദ്ധൻ എന്നിവയാണ് ആ ഭേദങ്ങൾ.

താന്ത്രികവൈഷ്ണവസംപ്രദായങ്ങളിൽ അധികാരിത്വം നിർണ്ണയിക്കപ്പെടുന്നത് ദീക്ഷാസ്വീകാരത്തോടെയാണ്. പാഞ്ചരാത്രസിദ്ധാന്തമനുസരിച്ച് ഈ ദീക്ഷ ഏത് പ്രായത്തിൽ പെട്ടവർക്കും, ലിംഗഭേദമെന്യേ സ്വീകരിക്കാം. എന്നാൽ വൈഖാനസരെ സംബന്ധിച്ചാകട്ടെ ഗർഭാവസ്ഥയിലാണ് അവർ ദീക്ഷിതരാവുന്നത്. ഇതിനെ ഗർഭദീക്ഷ എന്ന് വിളിക്കുന്നു. ഗർഭദീക്ഷ സ്വീകരിക്കുന്നതുകൊണ്ട് ഇവർ ഗർഭവൈഷ്ണവർ എന്നറിയപ്പെടുന്നു. വിഖനസ് മഹർഷിയുടെ ശിഷ്യപരമ്പരയിൽ പെട്ട ബ്രാഹ്മണർക്കുമാത്രമേ ഒരു വൈഖാനസനാകാൻ പറ്റൂ.

വൈഖാനസഗ്രന്ഥങ്ങൾ വാസ്തവത്തിൽ മുൻപറഞ്ഞ വിഖനസിന്റെ നാല് ശിഷ്യന്മാരാൽ പറയപ്പെട്ടതിൽ മാത്രം ഒതുങ്ങുന്നില്ല. അക്കൂട്ടത്തിൽ പില്ക്കാലത്ത് എഴുതപ്പെട്ട നൃസിംഹവാജപേയിയുടെ (എ. ഡി. പതിനാലാം നൂ

റ്റാണ്ട്) ശ്രീമദ് ഭഗവദർച്ചനപ്രകരണവും അതിന് കേശവാചാര്യനാൽ എഴുതപ്പെട്ട അർച്ചനാനവനീതവും, അദ്ദേഹത്താൽത്തന്നെ എഴുതപ്പെട്ട സർവ്വപ്രതിഷ്ഠാവിധിദർപ്പണവും ബ്രഹ്മോത്സവാനുക്രമണികയും ഉൾപ്പെടുന്നു. പില്ക്കാലത്ത് ബ്രഹ്മസൂത്രത്തിന്റെ ലക്ഷ്മീവിശിഷ്ടാദ്വൈതഭാഷ്യകർത്താവായ ശ്രീനിവാസദീക്ഷിതൻ (എ.ഡി. പതിനെട്ട് പത്തൊൻപത് നൂറ്റാണ്ട്) വൈഖാനസത്തെ വേദാന്തചിന്തകളുമായി ചേർത്ത് അവതരിപ്പിക്കുന്നതായും കാണാൻ സാധിക്കും. ഇതുപോലെ തന്നെ കേരളീയനായ ഒരു സുന്ദരരാജൻ (എ. ഡി. പത്തൊൻപത് ഇരുപത് നൂറ്റാണ്ട്) ചില വൈഖാനസഗ്രന്ഥങ്ങൾക്ക് വ്യാഖ്യാനമെഴുതിയതായിട്ട് കാണാം. ഉത്തമ ബ്രഹ്മവിദ്യാസാരം, നിഗമചൂഡാദർപ്പണം, അതുപോലെ ശ്രീനിവാസദീക്ഷിതരെക്കുറിച്ചുള്ള ജീവചരിത്രഗ്രന്ഥമായ ശ്രീനിവാസദീക്ഷിതചരിതം തുടങ്ങിയവ അദ്ദേഹത്തിന്റെ സംഭാവനകളാണ്.

**ബൗദ്ധതന്ത്രങ്ങൾ**

തന്ത്രം എന്നത് വാസ്തവത്തിൽ ഹിന്ദുവെന്ന ഒരു മതവിഭാഗത്തിൽ മാത്രം ഒതുങ്ങിയിരുന്ന ഒന്നല്ല. ദേശസീമകളെ അതിവർത്തിച്ചതുപോലെ മതപരമായ അതിർവരമ്പുകളേയും മറികടന്ന് തന്ത്രം പുതിയരൂപങ്ങളിൽ പ്രാദേശികമായ എല്ലാ പ്രതിഭാസങ്ങളേയും ഉൾക്കൊണ്ടുകൊണ്ട് പ്രത്യക്ഷപ്പെട്ടിട്ടുണ്ട്. അതിനാൽ തന്നെ ബൌദ്ധരുടേയും ജൈനരുടേയുമിടയിലും തന്ത്രത്തിന് നല്ല വേരോട്ടമുണ്ടായിരുന്നതായി കാണാം.

ബൗദ്ധതന്ത്രങ്ങളിൽ താന്ത്രികശൈവത്തിന്റെ പ്രത്യേകിച്ചും മന്ത്രമാർഗ്ഗത്തിന്റെ സ്വാധീനമാണ് ഉള്ളതെന്നാണ് പണ്ഡിതമതം. ബൗദ്ധതന്ത്രഗ്രന്ഥങ്ങളെ പ്രധാനമായും ക്രിയാതന്ത്രങ്ങൾ, ചര്യാതന്ത്രങ്ങൾ, യോഗതന്ത്രങ്ങൾ, യോഗോത്തരതന്ത്രങ്ങൾ, യോഗാനുത്തരതന്ത്രങ്ങൾ എന്നിങ്ങനെ വിഭജിച്ചിരിക്കുന്നു. അവയിൽ അനന്തമുഖധാരണീസൂത്രം, അമിതാഭധ്യാനസൂത്രം, ആര്യമഞ്ജുശ്രീയമൂലകല്പം തുടങ്ങിയവയാണ് ക്രിയാതന്ത്രങ്ങൾ. മഹാവീരോചനസംബോധിതന്ത്രമാണ് ചര്യാതന്ത്രത്തിന് ഉദാഹരണം. യോഗതന്ത്രങ്ങളാണ് തത്വസംഗ്രഹസൂത്രം, സർവ്വതഥാഗതതത്വസംഗ്രഹം, പരമാദ്യം, മഹാവീരോചനാഭിസംബോധിസൂത്രമെന്നിവ. യോഗോത്തരതന്ത്രങ്ങളിൽ പെടുന്നവയാണ് ഗുഹ്യസമാജതന്ത്രവും അദ്വയസമതാവിജയതന്ത്രവും. യോഗാനുത്തരതന്ത്രങ്ങൾ യോഗിനീതന്ത്രങ്ങളെന്നും യോഗനിരുത്തരതന്ത്രങ്ങളെന്നും കൂടി അറിയപ്പെടുന്നു. ഈ വിഭാഗത്തിൽപ്പെടുന്ന തന്ത്രങ്ങളാണ് ലഘുസംവരതന്ത്രം, കാലചക്രം, മഹാമായ, ബുദ്ധകപാലം, ചതുഷ്പീഠം, മഹാമുദ്രാതിലകം, അഭിധാനോത്തരതന്ത്രം, സംപുടോദ്ഭവതന്ത്രം, ഹേവജ്രതന്ത്രം, ഡാകിനീവജ്രപഞ്ജരം, സർവ്വബുദ്ധസ

മായോഗതന്ത്രം, ഹേരുകാഭിധാനതന്ത്രം, ഋഗ്യാരളീതന്ത്രം, വജ്രാരളീതന്ത്രം, ചണ്ഡമഹാരോഷണതന്ത്രം, വജ്രഡാകതന്ത്രം, ഗുഹ്യകോശതന്ത്രം, വജ്രാമൃതതന്ത്രം, ചക്രസംവരതന്ത്രം, വജ്രചതുഷ്പീഠതന്ത്രം എന്നിവ.

മേൽപ്പറഞ്ഞവയിൽ ക്രിയാതന്ത്രങ്ങൾ ഭൗതികമായ ആവശ്യങ്ങൾ നിറവേറ്റുന്നതിൽ മാത്രമാണ് ഊന്നൽ നൽകുന്നത്. സൈദ്ധാന്തിക ചർച്ചകൾ അവയുടെ ഭാഗമല്ല. മാത്രവുമല്ല ദീക്ഷയൊരു അനിവാര്യ ഘടകവുമല്ല.

ക്രിയാകലാപങ്ങളേക്കാളും ബൗദ്ധതന്ത്രങ്ങളിൽ നല്ലൊരുശതമാനവും ഊന്നൽ നൽകുന്നത് യോഗമാർഗ്ഗത്തിനാണ്. ബോധതലത്തിലുണ്ടാകുന്ന മാറ്റങ്ങളും അവയെ സ്വായത്തമാക്കാനുള്ള മാർഗ്ഗങ്ങളുമാണ് ബൗദ്ധയോഗതന്ത്രത്തിലെ മുഖ്യ പ്രമേയം. ടിബറ്റിൽ യോഗികളുടെ ഒരു പരമ്പരതന്നെയുണ്ടായിരുന്നതായിക്കാണാം.

ബൗദ്ധതന്ത്രം കേവലം ടിബറ്റിൽ മാത്രമായിരുന്നില്ല പ്രബലമായിരുന്നത് നേപ്പാൾ, ഭൂട്ടാൻ, ബംഗാൾ എന്നീപ്രദേശങ്ങളിലും ബൌദ്ധതന്ത്രത്തിന് ശക്തമായ വേരോട്ടങ്ങളുണ്ടായിരുന്നു. ബംഗാളിൽ എഴുതപ്പെട്ട ബൗദ്ധതാന്ത്രികഗ്രന്ഥങ്ങളാണ് ശാന്തരക്ഷിതന്റെ (എ. ഡി എട്ടാം നൂറ്റാണ്ട്) തത്വസംഗ്രഹം തത്വസിദ്ധി, കുമാരവജ്രന്റെ (എ. ഡി പത്താം നൂറ്റാണ്ട്) ചക്രസംവരമണ്ഡലവിധിതത്വാവതാരം, ദിവാകരചന്ദ്രന്റെ (എ. ഡി പതിനൊന്നാം നൂറ്റാണ്ട്) ഹേരുകസാധനാ, ജേതാരിയുടെ വജ്രയാനസാധനാ, ബുദ്ധകപാലതന്ത്രം എന്നിവ. ഇവ കൂടാതെ അഭയാകരഗുപ്തൻ തുടങ്ങിയ ബൗദ്ധതന്ത്രവ്യാഖ്യാതാക്കളും ഈ പരമ്പരയിലുണ്ട്.

**ബംഗാളിലെ ശാക്തപാരമ്പര്യം**

ഭാരതത്തിൽ വിവിധ വിഭാഗത്തിൽപ്പെട്ട താന്ത്രികസംപ്രദായങ്ങൾ നിലനില്ക്കുന്ന ഒരു ദേശമാണ് ബംഗാൾ. സഹജീയവൈഷ്ണവസംപ്രദായം, ശാക്തസംപ്രദായത്തിൽ ഉൾപ്പെടുന്ന ദശമഹാവിദ്യാസംപ്രദായം ഇവയുടെയൊക്കെ ഉത്ഭവകേന്ദ്രവും ബംഗാളാണ്. ആസാം ആണ് ദശമഹാവിദ്യകളുടെ ആരാധന നിലവിലുള്ള മറ്റൊരു സംസ്ഥാനം. കാളി, താര, ത്രിപുരസുന്ദരി, ഭുവനേശ്വരി, ഭൈരവി, ഛിന്നമസ്ത, ധൂമാവതി, ബഗളാമുഖി, മാതംഗി, കമല എന്നിവയാണ് ദശമഹാവിദ്യകൾ. ഈ ദേവതകൾക്കൊക്കെത്തന്നെ ബംഗാളിൽ വെവ്വേറെ ക്ഷേത്രങ്ങളുണ്ട്. ഇവയുടെ ആരാധനാസംപ്രദായം ദക്ഷിണേന്ത്യയിലെ താന്ത്രികാരാധനയിൽനിന്നും വളരെ വ്യത്യസ്തമാണ്. ശക്തിസംഗമതന്ത്രം, ശാക്തപ്രമോദം, പ്രാണതോഷിണി, ആഗമരഹസ്യം എന്നിവയാണ് ദശമഹാവിദ്യാസംപ്രദായത്തിന്റെ അടിസ്ഥാനഗ്രന്ഥങ്ങൾ.

**ജൈനതന്ത്രം**

ബൗദ്ധർക്കിടയിലെന്നപോലെ തന്ത്രത്തിന് ജൈനർക്കിടയിലും സ്വാധീ

നമുണ്ടായിരുന്നു. ഭൈരവപദ്മാവതീകല്പം, ജ്വാലാമാലിനീകല്പം തുടങ്ങിയവ ജൈനതാന്ത്രികഗ്രന്ഥങ്ങളിൽ ഉൾപ്പെടുന്നു. മദ്ധ്യകാലപൂർവ്വ കേരളത്തിൽ ജൈനമതത്തിന് ഏറെ സ്വാധീനമുണ്ടായിരുന്നതായി നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്. കേരളത്തിൽ അങ്ങിങ്ങായി കണ്ടുവരുന്ന ശിലാക്ഷേത്രങ്ങളിൽ നല്ലൊരുശതമാനവും ജൈനക്ഷേത്രങ്ങളായിരുന്നുവെന്നതിന് തെളിവുകളും കിട്ടിയിട്ടുണ്ട്. ഇവിടെയൊക്കെ ആരാധിക്കപ്പെട്ടത് ജൈനദേവതകളായിരുന്നു. ഇവയിൽ പലതും കാലാന്തരത്തിൽ വൈഷ്ണവക്ഷേത്രങ്ങളായും ദേവീക്ഷേത്രങ്ങളായും പരിവർത്തനം ചെയ്യപ്പെട്ടുവെന്നാണ് ചരിത്രകാരന്മാരുടെ അഭിപ്രായം.

തന്ത്രസാഹിത്യം അതി വിപുലമാണ്. ഇതിലെ പല ഗ്രന്ഥങ്ങളും ഇപ്പോഴും താളിയോലകളിൽ മാത്രമവശേഷിക്കുന്നുവെന്നതിനാൽ ഇവയുടെ വ്യാപ്തി കൃത്യമായി നിർണ്ണയിക്കാൻ സാധിക്കില്ല. തന്ത്രത്തിലെ ചില പ്രധാന ഉൾപ്പിരിവുകളും അവയുമായി ബന്ധപ്പെട്ട സാഹിത്യരൂപങ്ങളും മാത്രമാണ് സാമാന്യരൂപത്തിൽ അവതരിപ്പിച്ചിട്ടുള്ളത്. ധാരാളം പഠനങ്ങൾ ഇന്ന് ലഭ്യമാണെന്നതിനാൽ പലതിനെക്കുറിച്ചും സൂചനകൾ മാത്രമേ അവിടവിടങ്ങളിലായി നൽകിയിട്ടുള്ളൂ. കൂടുതലായി അറിയാൻ താത്പര്യപ്പെടുന്നവർ അത്തരം പഠനങ്ങളോ ഗ്രന്ഥങ്ങളോ നോക്കേണ്ടതാണ്.

(തുടരും)

**ഔഷധസസ്യങ്ങൾ – 43**

# ചെമ്പകം

**ഉണ്ണികൃഷ്ണൻ കിഴുത്താണി** **ഫോൺ : 0480 2832108**

ശക്തമായ വിഷഹര ഔഷധമാണ് ഈ ചെടി. ഇതിന്റെ മിക്കവാറും ഭാഗങ്ങൾക്ക് ഔഷധഗുണമുണ്ട്. മഗ്നോളിയേസി കുടുംബത്തിൽപ്പെട്ട ഇതിന്റെ ശാസ്ത്രനാമം 'മൈക്കീലിയ ചമ്പക' എന്നാണ്. സംസ്കൃതത്തിൽ അതിഗന്ധം, ഹേമപുഷ്പം തുടങ്ങിയ പേരുകളുമുണ്ട്. ഇംഗ്ലീഷിൽ Champak, Champa എന്നീ പേരുകളിൽ അതിപ്രശസ്തയാണ്. പട്ട, പൂവ്, മൊട്ട്, വേരിന്മേൽതൊലി തുടങ്ങിയവ ഔഷധാവശ്യങ്ങൾക്കായി ഉപയോഗിയ്ക്കുന്നു. വാത, പിത്ത, കഫവികാരങ്ങൾ ശമിപ്പിയ്ക്കുന്നു. വിഷഹരവും, കൃമിഹരവുമായി പ്രവർത്തിയ്ക്കുന്നു. തൊലി ദീപനവും, മൂത്രളവും, ജ്വരഹരവുമാണ്. പുഷ്പം മൂത്രളവും ചുട്ടുനീറ്റൽ ഇല്ലാതാക്കുന്നതുമാണ്. കുഷ്ഠം, ചൊറി, വ്രണം ഇവ ശമിപ്പിയ്ക്കുന്നു. പൂവ്, മൊട്ട്,

പട്ട ഇവ ആർത്തവതടസ്സം ഇല്ലാതാക്കുന്നു.

വിഷജ്വരത്തിൽ (മലേറിയ) ചെമ്പകത്തൊലിയും, പൂവും 20 ഗ്രാം എടുത്ത് നന്നായി ചതച്ചരച്ച് വെള്ളത്തിൽ കലക്കി, ഊറാൻ വെച്ചതിനുശേഷം അരിച്ചെടുത്ത് ഉപയോഗിയ്ക്കുന്നത് അതീവ ഫലപ്രദമാണ്. ഇപ്രകാരം ദിവസം രണ്ടു നേരം ഒരാഴ്ച്ച തുടർച്ചയായി സേവിയ്ക്കണം. വിഷജന്തുക്കൾ കടിച്ചാൽ, മുറിവിൽ ചെമ്പകത്തിന്റെ തൊലി അരച്ച്തേയ്ക്കുകയും, തൊലിയും, പൂവും സമമായെടുത്ത് നന്നായി അരച്ച് പലവട്ടമായി സേവിയ്ക്കുകയും ചെയ്താൽ വിഷം ശമിയ്ക്കുന്നതാണ്. ആർത്തവരക്തം ശരിയായി പോകാതിരുന്നാൽ ചെമ്പകത്തിന്റെ വേരിന്മേൽതൊലി 10 ഗ്രാം വീതം അരച്ച് രാവിലെയും, വൈകിട്ടും മൂന്നോ, നാലോ ദിവസം തുടർച്ചയായി സേവിച്ചാൽ ശരിയായ ആർത്തവപ്രവർത്തനം വേദനയില്ലാതെ അനുഭവപ്പെടും. വളരെ പഴകിയ വ്രണത്തിൽ ചെമ്പകത്തിന്റെ വേര് അരച്ചിടുകയും, ഇതുതന്നെ അകത്തുസേവിയ്ക്കുകയും ചെയ്താൽ വ്രണം പെട്ടെന്ന് ഉണങ്ങും.

ചെമ്പകത്തിന്റെ വേരിന്മേൽതൊലി തൈരിൽ അരച്ചിട്ടാൽ പഴുക്കാതെ വേദനസൃഷ്ടിച്ചുകൊണ്ടിരിയ്ക്കുന്ന വ്രണം പെട്ടെന്ന് പാകമായിപൊട്ടി മാലിന്യമെല്ലാം പുറത്തുപോയി സുഖമാകുമെന്ന് അനുഭവസ്ഥർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ചെമ്പകപുഷ്പത്തെ പരാമർശിയ്ക്കാതെതന്നെ മലയാളികൾക്ക് ഈ സുഗന്ധം നന്നായറിയാം.

## തിരുത്ത്

കഴിഞ്ഞ പതിപ്പിലെ പഞ്ചോപചാരക്രമം എന്ന ലേഖനത്തിലെ അവസാനത്തെ വരി ഇപ്രകാരമാണ്.

"ആ വിരലുകളെക്കൊണ്ട് പൊതുവിൽ ചെയ്തു വരുന്ന മാനസപൂജാക്രമം *സൃഷ്ടിക്രമമാണെന്നും* നമുക്കു മനസ്സിലാക്കാം."

ഇതിൽ **സൃഷ്ടിക്രമമാണെന്നും** എന്നിടത്ത് **സ്ഥിതിക്രമമാണെന്നും** എന്നാണ് ശരിയായി വരേണ്ടത്.



RNI Registration Number – KERMAL/2012/56910



Printed and Published by K.P Sreedharan Namboothiri, owned by Shripuram Publications and printed at MAMA offset print, Irinjalakkuda, Thrissur, and published at Thrissur, address: Shripuram Publications, Madayikkonam,post,Irinjalakkuda,Thrissur, Kerala,680712.
Editor: D.Prakash

ISSN:2583-2484

*Scan the QR code for free download*